# വികടകേസരി




ഉപദേഷ്ടാവു വരുന്നതുവരെ കാവൽമന്ത്രിസഭ രൂപികരിച്ചിരിക്കുന്നു.




## വസ്തു വിൽക്കാനുണ്ടു്

ഉള്ളൂർ അവിട്ടംതിരുനാൾ ആശുപത്രിക്കു വടക്കുവശം ഉള്ളൂർ ജംഗ്ഷനിൽ റോഡിന്റെ പടിഞ്ഞാറെ സൈഡിൽ സ്ഥിതിചെയ്യുന്ന നാലുമുറികടയും ഒരു കെട്ടിടവും കിണറും ഫലവൃക്ഷങ്ങളും ഉൾപ്പടെ 32 സെന്റ് പുരയിടം ന്യായമായ വിലക്കു വിൽക്കാനുണ്ടു്. താഴെകാണുന്ന വിലാസത്തിൽ നേരിട്ടോ, കത്തുമൂലമോ അറിയിക്കുക.

"M. K. C. A."
C/o മാനേജർ വികടകേസരി,
തിരുവനന്തപുരം.

## പരിപൂർണ്ണ ഉത്തരവാദിത്വം ഒരേവില

ദിവസങ്ങൾ നീങ്ങുന്തോറും പരിഷ്കാരങ്ങളും വർദ്ധിക്കുന്നു: ഞങ്ങളുടെ സ്ഥാപനത്തിന്റെ പോക്കും അങ്ങനെതന്നെ. സ്വർണ്ണം, വെള്ളി ഇവകൊണ്ടു നവീനരീതിയിൽ നിർമ്മിക്കുന്ന സകല ഇനം ആഭരണങ്ങളും റെഡിമെഡായും ആർഡറുകൾ അനുസരിച്ചും കൃത്യനിഷ്ഠയോടുകൂടി ഇവിടെനിന്നും നിങ്ങൾക്ക് കിട്ടുന്നതാണ്.

ജനാബ് പി. എം. ഉമ്മർലബ്ബ, ഓച്ചിറ.

## ഭഗവതിവിലാസം ഹോട്ടൽ ആൻറ് ററീഷാപ്പ്

ബസ്സ്സ്റ്റാൻഡ് * * കായംകുളം

ടൗണിൽ വരുന്നവർ രുചിയായി കാപ്പികുടിക്കുവാനും, സുഖമായി ഊണുകഴിക്കുവാനും ഞങ്ങളുടെ സ്ഥാപനത്തിൽ വരുക.

ഉടമസ്ഥൻ പി. കുട്ടൻപിള്ള.

17·3·52


# A. S. S. മാർക്ക് നല്ലെണ്ണ

## പത്മാകഫേ

സുഖകരമായ ചായയും കാപ്പിയും വിഭവസമൃദ്ധമായ ഭക്ഷണവും, അതാണ് ഞങ്ങളുടെ പ്രത്യേകത.

മുല്ലയ്ക്കൽ — ആലപ്പുഴ.

---

പരിശുദ്ധമായ പശുവിൻ വെണ്ണയും, തൈരും ഇവിടെ കിട്ടുന്നതാണ്.

കൂടാതെ ഒന്നാംതരം പച്ചക്കറികളും പഴവർഗ്ഗങ്ങളും വാഴഇലയും ഇവിടെ ലഭിക്കുന്നതാണ്.

കെ. ഗോവിന്ദൻനായർ

പച്ചക്കറിവ്യാപാരം

കല്ലൻ റോഡ് — ആലപ്പുഴ.

---

## ധന്വന്തിരിനിലയം

## വൈദ്യശാല, നെടുമങ്ങാട്

ശാസ്ത്രരീത്യാതയ്യാർ ചെയ്യപ്പെടുന്ന എല്ലാവിധ ആയുർവേദ ഔഷധങ്ങളും ഇവിടെ തയ്യാറുണ്ട്. ധന്വന്തിരിനിലയത്തിന്റെ "സ്പെഷ്യൽ ദശമൂലാരിഷ്ടം" ഒരിക്കൽ പരീക്ഷിച്ചുനോക്കുവിൻ.

വി. പത്മനാഭൻ വൈദ്യൻ.

---

സന്ദർശിക്കുവിൻ !

## ആസാദ്ഹോട്ടൽ

എവിടെ

പഴവങ്ങാടി : : തിരുവനന്തപുരം.

---

ശ്രീ കൃഷ്ണഭവാൻ ബോർഡിംഗ് ആൻറ് ലാഡ്ജിംഗ്

വിഭവസമൃദ്ധമായ ഭക്ഷണ പാനീയാതികൾ സുഖകരമായ വിശ്രമസങ്കേതം! മാന്യമായനിലയിലുള്ള പെരുമാററം അതാണ് ഞങ്ങളുടെ വിജയമെന്ന് അനുഭവസ്ഥർ പറയുന്നു.

---

കൊല്ലത്തു വന്നുചേർന്ന * *

## പുതിയതരം കുടകൾ

വളരെക്കാലം ഉപയോഗിക്കാമെന്നുള്ളതും വില കുറവുള്ളതും ഭംഗിയേറിയതുമായ പലതരം കുടകൾ വന്നുചേർന്നിരിക്കുന്നു. ഉടൻ അന്വേഷിക്കുക.

വി. കുട്ടപ്പൻപിള്ള, കുടവ്യാപാരം.

വടയാററുകോട്ട — കൊല്ലം.

---

## വില്ലൻചുമ സംഹാരി

നീലങ്കാരിചുമ, മൂപ്പിറചുമ, തൊണ്ണൂറാംകുര വില്ലൻചുമ എന്നീപേരുകളാൽ അറിയപ്പെടുന്നതും അനേകായിരം കുഞ്ഞുങ്ങളെ നിത്യവും ക്ലേശപ്പെടുത്തി കൊണ്ടിരിക്കുന്നതുമായ വില്ലൻചുമയുടെ ഏതു അവസ്ഥയിലും ഉപയോഗിക്കാവുന്ന അനുഗ്രഹീതമായ ഒരു സിദ്ധൗഷധമാണ് വില്ലൻ ചുമ സംഹാരി.

ശ്രീ ചിത്രാ ആയുർവേദ ഫാർമസി

ആശ്രമം—B. O. T. B. ജംഗ്ഷൻ കൊല്ലം.

P. K. N. വൈദ്യൻ

# കലണ്ടറുകൾ

മെസ്സേഴ്സ്. ആസാദ് അഡ്വർട്ടൈസിസ് ലിമിറ്റെഡ് കോട്ടയം, ദാമൂജ്ജ്വലേഴ്സ് ആലപ്പുഴ, ഏ. വി. ജെ. എംപോറിയം ആലപ്പുഴ എ. എസ്. എസ്. മാർക്ക നാടൻ നല്ലെണ്ണ ആലപ്പുഴ വിജയാ ഫാർമസി, മാവേലിക്കര. നാഥൻ & Co കൊച്ചി, എൻ. പത്മനാഭനാചാരി കൊല്ലം, കണ്ണൻ ററീ, സ്റ്റാക്കിസ്ററ് സിററി തേയില ഡിപ്പോ കൊല്ലം, ശ്രീകൃഷ്ണാ ഫാർമസി ആററങ്ങൽ, N. B. ബുക്കഡിപ്പോ നെയ്യാററിൻകര, ഉദായാ ബുക്കഡിപ്പോ പുനലൂർ, താക്കബായി ആൻറ് കമ്പനി തിരുവനന്തപുരം കൈലാസ് തേയിലഡിപ്പോ തിരുവനന്തപുരം, പി. മാധവൻതമ്പി പാത്രവ്യാപാരം തിരുവനന്തപുരം, മാധവവിലാസം സൈക്കിൾ ഷാപ്പ് ചാല, തിരുവനന്തപുരം, ധരണിവിലാസം ക്ലാത്തുസ്റ്റോർ നെടുമങ്ങാട്ടുപി. കുഞ്ഞുകൃഷ്ണൻ ജന. മർച്ചൻറ് നന്ദിയോട്ട്, ദി ഓറിയൻറ്. കൊളമ്പിയാ വർക്സ് കോഴിക്കോട്ട് ദി.സ്റ്റാൻഡാർഡ് വാച്ച് കമ്പനി ശിവകാശി ഇവരുടെ 1952 ലെ മനോഹരമായ കലണ്ടറുകൾ അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പററി നന്ദി പറഞ്ഞുകൊള്ളുന്നു.

ഈ കൊല്ലം മുന്നൂറിലധികം കലണ്ടറുകൾ വികടകേസരിക്കു ലഭിച്ചിട്ടുണ്ട്. ഇതിൽ ഏററവും കമനീയമായിരിക്കുന്നതു മെ. ഏ. എസ്സ്. എസ്സ്. നാടാർ വക നാടൻ നല്ലെണ്ണയുടെതാണെന്നു പറയുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്. നല്ലെണ്ണ പലതരത്തിലുണ്ടെങ്കിലും A S S മാർക്ക നല്ലെണ്ണക്കു ഇതിനകം കിട്ടിയിട്ടുള്ള പ്രചാരംകൊണ്ടുതന്നെ മനസ്സിലാക്കാവുന്നവയാണ്. അതിൻെറ ഭാരവാഹികൾ ഏർപ്പെടുന്ന ഏതു പ്രവൃത്തിയും സൂക്ഷിച്ചു കൃത്യനിഷ്ഠ പാലിക്കുമെന്നുള്ളതിൻെറ സാക്ഷ്യപത്രമാണു ഏ. എസ്സ്. എസ്സ്. വക കലണ്ടറും ശിവകാശി ലിത്തോയിൽ തയാറാക്കിയ മനോഹരമായ വിശറിയും. ശ്രീ. നാടാർക്കു വികടകേസരിയുടെ ഭാവുകങ്ങൾ.

---

# ഒടുവിൽ കിട്ടിയതു്

ശരിയോതെറേറാ——മംഗളാപിക്ച്ചേഴ്സുകാരുടെ പ്രഥമ ചിത്രമായ ശരിയോ തെറേറായുടെ ഗാനങ്ങൾ എല്ലാം റിക്കാഡു ചെയ്തു കഴിഞ്ഞു. പ്രസ്തുത ചിത്രത്തിൻെറ കഥയും സംഭാഷണവും സംവിധാനവും പ്രധാനഭാഗം അഭിനയിക്കുന്നതും തിക്കുറുശ്ശി തന്നെയായിരിക്കും. ഈ പടം മററു മലയാള ചിത്രങ്ങൾക്കൊരു മാതൃകയായിരിക്കും. സ്ററുഡിയോ ഉദയാ.

ആന്തമാൻകൈതി—രാധാകൃഷ്ണാ ഫിലിംസുകാരുടെ ആന്തമാൻകൈതിയുടെ ഷൂട്ടിംഗ് മുഴുവനും തീർന്നു. പടം സെൻസ്സറിനു അയച്ചുവെന്നാണു അറിവ്. ഈ ചിത്രത്തിൽ തെന്നിന്ത്യായിലെ പ്രസിദ്ധരായ താരങ്ങളാണു പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. തിക്കുറുശ്ശി ഇദംപ്രഥമമായി നടിച്ച തമിഴ ചിത്രവുമാണ്. മാർച്ചുമാസത്തിൽ തമിഴനാടിനോടപ്പം കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിലും പ്രദർശനം ആരംഭിക്കുന്നതാണ്

തിരമാല-കലാസാഗർ ഫിലിംസി (കാഞ്ഞിരപ്പള്ളി) ൻെറ തിരമാലയുടെ പാട്ടുകൾ റിക്കാഡു ചെയ്യുന്നതിനു നിർമ്മിതാക്കൾ ബോംബേയിൽ പോയിരിക്കുന്നു. ഗാനങ്ങൾ വിമൽകുമാർ പി. ഭാസ്കരൻ, പ്രസ്തുത ചിത്രത്തിൻെറ ഷൂട്ടിംഗ് മാർച്ചുമാസത്തിൽ ആരംഭിക്കുമെന്നു അറിയിച്ചിരിക്കുന്നു കഥയും സംഭാഷണവും ടി.എൻ ഗോപിനാഥൻനായർ. സ്ററുഡിയോമെരിലാൻസു-തിരുവനന്തപുരം.

---


## കോഹിന്നൂർ തേയില കുടിക്കുക

ക്ഷീണം വർദ്ധിച്ചിരിക്കുമ്പോൾ

ഊററു് രുചി ഗുണം ഇവക്കു കോഹിന്നൂർ തേയില ഒന്നാംതരമെന്നാണ് അനുഭവസ്ഥർ പറയുന്നതു്.

സിറ്റി തേയിലഡിപ്പോ,

വടയാററുകോട്ട, കൊല്ലം

പത്രാധിപർ ഉള്ളൂർ ആർ. കൃഷ്ണൻനായർ

# വികടകേസരി

[രാഷ്ട്രീയ വിനോദമാസിക]

വാല്യം 3 } തിരുവനന്തപുരം. കുംഭം 1952 { ലക്കം 4

കേസരീവീക്ഷണം

## സി. പി. വിദ്വേഷം

സർ. സി. പി. രാമസ്വാമിഅയ്യർ ഇൻഡ്യയിൽ ഇന്നു ജീവിച്ചിരിക്കുന്ന ഭരണതന്ത്രജ്ഞന്മാരിൽ ഒന്നാം കിടയിൽ നില്ക്കുന്ന ഒരു ബുദ്ധിമാനാണു്. അദ്ദേഹത്തിന്റെ കഴിവുകൾ സകലക്കും അറിയാം. മഹാത്മഗാന്ധിപോലും അദ്ദേഹത്തിന്റെ ഭരണപരിഷ്കാരങ്ങളെ കീർത്തിക്കുവാൻ 112-ൽ ഇവിടെ വന്നിരുന്നു. ഇൻഡ്യയിൽ യുദ്ധം സംബന്ധിച്ച ആദ്യമായി ആഹാര ക്ഷാമമുണ്ടായപ്പോൾ ആഹാരസാധനങ്ങളുടെ വിതരണം നീതിപൂർവ്വം നടത്തുന്നതിനു ഒന്നാമതായി റേഷനിംഗ് നടപ്പാക്കിയതു തിരുവിതാംകൂറിൽ സി. പി. ഭരണകാലത്താണു്. അതിനെ മററു രാജ്യങ്ങളിൽ പകർത്തുകയാണു ചെയ്തതു്. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം സി. പി. യെ നെഹ്റു ഒരിക്കലും ഓർമ്മിക്കുകകൂടി ചെയ്തില്ല. മലബാറിലുള്ള സകല മേനോന്മാരെയും മന്ത്രിമാരാക്കിയ അവസരത്തിലും നമ്മുടെ ജനകീയ ഗവർമ്മെൻറ് അദ്ദേഹത്തെ ഒരു കുഷ്ഠരോഗിയെപ്പൊലെ വെളിക്കു നിറുത്തിയിരിക്കുന്നു. ഞങ്ങൾ പലപ്പോഴും അതിനെ കുറിച്ചു ചിന്തിക്കാറുണ്ടു്. ഇന്നിപ്പോൾ അമേരിക്കക്കാർ സി. പിയെ അവിടെ അദ്ദേഹത്തിന്റെ വിലയേറിയ ഉപദേശങ്ങൾക്കായി ക്ഷണിച്ചു കൊണ്ടു പോയിരിക്കുന്നു. അമേരിക്കക്കാരെ നെഹ്റുവിനു വലിയ ബഹുമാനമാണു്. നേരം കിട്ടുമ്പോളൊക്കെ അദ്ദേഹം അവിടെ പോയി ആ-ആറുനിലമാളികകളിൽ കയറിഇരുന്നു കാററുകൊള്ളും. അവിടത്തെ കുട്ടികൾക്കു ആനക്കുട്ടികളെ അയച്ചു കൊടുക്കും. എന്നിട്ടു അവർക്കു ബഹുമാനമുള്ള

സി. പിയെ നെഹറു വെറുക്കുന്നതെന്താണു്? ഞങ്ങൾക്കു നിശ്ചയമില്ല. നിങ്ങൾക്കു നിശ്ചയമുണ്ടെങ്കിൽ പറഞ്ഞുതരിക. സി. പി. എന്തു ദ്രോഹംചെയ്തു.

സി. പി. ഒരു ഭരണാധികാരിയായിരുന്ന കാലത്തു വയലാറിൽ വച്ചു കമ്മ്യൂണിസ്ററുകാരെ വെടിവച്ചു. അങ്ങനെ വെടിവച്ചതു നന്നായില്ല എന്നു ഞങ്ങൾക്കു അഭിപ്രായമുണ്ടു്. ഈ വെടിവയ്പല്ലാതെ യഥാൎത്ഥത്തിൽ മററുപറയത്തക്ക ഒരു കുററവും സി. പിയുടെ ഭരണത്തിൽ ഞങ്ങൾ കാണുന്നില്ല. ഭരണം നടത്തുന്നവർ പട്ടാളത്തെ തീററിപോററുന്നതും പട്ടാളക്കാൎക്കു തോക്കുകൊടുത്തിരിക്കുന്നതും നെഹ്റു ആക്ഷേപിക്കുന്നില്ല. നെഹ്റുവിന്റെ സർക്കാരിനു പട്ടാളമില്ലേ. അവൎക്കു തോക്കില്ലേ അവർ വെടിവക്കുകില്ലേ. ഇല്ലെങ്കിൽ പിന്നെ ഹൈദ്രാബാദിൽ നടന്നതെന്താണു്. കാഷ്മീരിൽ കഴിഞ്ഞ 5¼ കൊല്ലമായി നടക്കുന്നതെന്താണു്.

കമ്മ്യൂണിസ്ററുകാരെ ലാക്കപ്പുകളിലിട്ടു ഇന്നത്തെ ഭരണാധികാരികൾ–നെഹ്റുവിന്റെ ആശംസയോടുകൂടിയെന്നു തോന്നുമാറു–തല്ലിക്കൊല്ലുന്നില്ലേ. അതൊന്നും പ്രതിഷേധിക്കാത്തതെന്തു്. അങ്ങിനെ തല്ലുന്നവരെ വെറുക്കാത്തതെന്തു്. എന്നാൽ അതല്ല കാര്യം എന്നു മനസ്സിലാക്കാം. വയലാറിൽ വെടിവച്ചതല്ല കാര്യം. പിന്നെന്താണു കാര്യം സി. പി. ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ കീഴിൽ ഉദ്യോഗം സ്വീകരിച്ചതായിരിക്കാം. അതുമാണെന്നു വിശ്വ

സിക്കാൻ ന്യായമില്ല. ഗോപാലസ്വാമി അയ്യങ്കാരും, ദേശമുഖം, വി. പി. മേനോനും നെഹ്റുവിൻെറ മററു പല പല മന്ത്രിസത്തമന്മാരും ബ്രിട്ടീഷുകാരുടെ കീഴിൽ താണതരം ഉദ്യോഗം ഭരിച്ചവരാണു്. അവരെല്ലാം സി. പി. യെക്കാൾ എത്രയോപടി താഴെ നിന്നവരാണു്. പിന്നെ എന്തുകൊണ്ടു സി. പി. യെ നെഹ്റു വെറുത്തു. മററൊന്നുമല്ല ഒരു കൊച്ചുകാര്യംമാത്രം അദ്ദേഹം അന്നൊരിക്കൽ വിജയലക്ഷ്മിയെ നോക്കിചിരിച്ചുകൊണ്ടു ചീത്തവിളിച്ചുപോലും. പണ്ടുദുശ്ശാസനൻ ദ്രൗപതിയുടെ സാരിപിടിച്ചുഴിച്ചതിനു ഭീമൻ പ്രതികാരം നടത്തിയതു മനസ്സിലാക്കാം. വിജയലക്ഷ്മിക്കു അൻപതു വയസ്സു കഴിഞ്ഞു് നാലഞ്ചുപ്രസവിച്ചതിനുശേഷമാണു് സി. പി. അങ്ങനെ പറഞ്ഞുപോയതു്. അതിനു ഇത്ര ക്ഷോഭിക്കാനെന്തിരിക്കുന്നു.

തിരു–കൊച്ചിയിലെ രണ്ടു കിരാതന്മാരായ പോലീസ് വേട്ടക്കാർ (D S P. അച്ചുതനും പാപ്പാളിയും) ചെയ്തതുപോലെ ഒന്നും സി. പി. ചെയ്തില്ലല്ലോ. ഇന്നത്തെ മുഖ്യമന്ത്രി സി. കേശവനും Ex മന്ത്രിയായ ററി. കെ. യുംപല ഫ്ളാററുഫാറങ്ങളിലും ഘോരഘോരം പ്രസംഗിച്ചതാണു ജനകീയഭരണം കൈവന്നാൽ ഈ രണ്ടു പോലീസു ഉദ്യോഗസ്ഥന്മാരെയും ജനകീയകോടതിയിൽ വിസ്തരിക്കണമെന്നു എന്നിട്ടു എന്തായി. ഉത്തരവാദഭരണം നമുക്കു ലഭിച്ചു. ജനകീയകോടതിയിൽവിസ്തരിക്കേണ്ടതിനു പകരംഈ രണ്ടു ഉദ്യോഗസ്ഥന്മാർക്കു തിരുവനന്തപുരത്തെ സ്റ്റേഡിയത്തിൽ സി. കേശവൻെറയും ററി. കെ. നാരായണപിള്ളയുടെ സാന്നിദ്ധ്യത്തിൽ–നെഹ്റുവിൻെറ അദ്ധ്യക്ഷതയിൽ വമ്പിച്ച ഒരു പ്രസംഗത്തോടുകൂടി ഈ രണ്ടു ഉദ്യോഗസ്ഥന്മാരുടെയും നെഞ്ചിൽ നെഹ്റുവിൻെറ കൈകൊണ്ടു പോലീസ്മെഡൽ സമ്മാനിച്ച സംഗതി ഞങ്ങൾ മറന്നിട്ടില്ല. എന്നാൽവിശാലാശയനായ നെഹ്റു സി.പി.യുടെമേൽ ഈ കിറുകിറുപ്പുവച്ചുപുലത്തുന്നതുതീരെനന്നായില്ല. ശ്ലേ ശ്ലേ. രാഷ്ട്രീയത്തിൽ ഇങ്ങനെയൊക്കെ അവഗണനവരുന്നതു. ഇന്നത്തെപോലുള്ള പ്രതിസന്ധിഘട്ടത്തിൽ പ്രതിഭാശാലിയും ധീരനും ബുദ്ധിമാനും ഭരണതന്ത്ര വിശാരദനുമായ സി. പി. യെ പോലുള്ളവരെ സ്നേഹാദരപൂർവം ക്ഷണിച്ചു വരുത്തി അവരെ കൂടി മന്ത്രിസഭയിൽ വച്ചു ഭരണം പൊടിപൂരമായി നടത്താതിരുന്നാൽ എങ്ങനെ രാജ്യം നന്നാകും സാറേ?


## The Ramakrishna Electric Works

CHINNAKADA ... ... QUILON

Specialists in Winding & Repairs of A. C. and D. C. Generators Motor converters, Transformers and Dynamos Etc, Etc.

## S. P. ഹോട്ടൽ ആൻറ് ററീഷാപ്പ്

കച്ചേരിജംഗ്ഷൻ * * നെടുമങ്ങാട്:

നെടുമങ്ങാട്ടു വരുന്നവർ കച്ചേരിയുടെ മെയിൻഗേററിനു തെക്കുവശമുള്ള ബോർഡ് സൂക്ഷിക്കുക—സുഖകരമായഭക്ഷണം. രുചിയും, ശുചിയുമുള്ള പാനീയപദാർത്ഥങ്ങൾ എപ്പോഴും തയ്യാർ. ഒരിക്കൽ പരീക്ഷിക്കുക.

മാനേജർ.

# ഓവർലോഡ് പാടില്ല

തേമ്പാമുട്ടത്തെ ത്രിപുര ദഹനത്തിനു ശേഷം ഒരു ബസ്സിലും ഓവർലോഡു പാടില്ലെന്നു കർശനമായ ഉത്തരവു ഉണ്ടായിരിക്കയാണു്. ഉത്തരവുണ്ടാകുകമാത്രമല്ല അതു അക്ഷരം പ്രതി നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നു. തന്നിമിത്തം യാത്രക്കാർ വഴിയിൽ കിടന്നു വെയിലിൽ പൊരിഞ്ഞു വെള്ളം വെള്ളം വിളിച്ചു നടന്നലയുകയാണു് ഇതെന്തു പരിഷ്ക്കാരമാണെന്നു ദൈവം സത്യമായി ഞങ്ങൾക്കു മനസ്സിലാകുന്നില്ല. തേമ്പാമുട്ടത്തു് എന്താണു സംഭവിച്ചതു്. സർക്കാരേ-ഒന്നുപറഞ്ഞു തരു. ഓവർ ലോഡു നിമിത്തം ബസ്സിൻെറ ടയർ പൊട്ടുകയോ ആക്സിൽ ഒടിയുകയോ ആണോ ഉണ്ടായതു്. അവിടെ നടന്നതു് ബസ്സിനകത്തു പെട്രോൾ ടിൻ നിറച്ചു വച്ചിരുന്നതു മറിഞ്ഞു തീപിടിച്ചു. ആ തീ ആളുകളിൽ പററിപ്പിടിച്ചു-ആ ആളുകൾ വെന്തുപൊളിഞ്ഞു. അങ്ങനെ വെന്തവർ മരിച്ചു ചാമ്പലാകുകയാണു് നടന്നതെന്നു ഞങ്ങൾ അറിയുന്നു. അതാണുനേരെങ്കിൽ ഓവർലോഡു തടഞ്ഞാൽ എന്തുഫലം. എഴുപതുപേർക്കു പകരം മുപ്പത്തഞ്ചുപേർ ബസ്സിൽ കയറുകയും ബസ്സിൽ പെട്രോൾ ടിൻ ചരിയുകയും തീപററുകയും മുപ്പത്തഞ്ചുപേർ മരിക്കുകയും ചെയ്താൽ തരക്കേടില്ലെന്നു സക്കാർ തീരുമാനിക്കുകയാണോ. എടാ സക്കാരേ-നീ ഏതു മരത്തലയൻെറ മോനാണെന്നു വികടകേസരി ചോദിച്ചുകൊള്ളുന്നു, ചെയ്യേണ്ടതു നേരേ മറിച്ചാണു്. മേലാൽ എല്ലാബസ്സിലും പെട്രോൾ ടിൻ വയ്ക്കാൻ ഇടമില്ലാത്തനിലയിൽ ഓവർലോഡ് കയററണം മനസ്സിലായോ? അതല്ല ഇനിയും ഓവർ ലോഡു തടയാനാണു് വിചാരമെങ്കിൽ സകല യാത്രക്കാർക്കും സൗകര്യമായ സഞ്ചാരത്തിനുംകൂടി ബസ്സിനു ഏർപ്പാടുവേണം.

## പോസ്റ്റൽ ഡെലിവറി തകരാറു്

അഞ്ചലും പോസ്ററും സംയോജനം നടന്നതിനെ തുടന്നു് എഴുത്തുകളും പാഴ്സലുകളും കാററിൽ പറത്തിയ ചരടുപൊട്ടിയ പട്ടം പോലെ ആയിത്തീന്നിരിക്കുന്നു. തിരുവനന്തപുരത്തുനിന്നും നെയ്യാററിൻകരക്കു ഒരു കാർഡു് അയച്ചാൽ അതു നേരേ പോകുന്നതു ന്യൂ ഡൽഹിക്കും പിന്നീടു പാകിസ്ഥാനിലേക്കും അതിനുശേഷം അതിർത്തിദേശത്തേക്കും അതുകഴിഞ്ഞു കാഷ്മീർ യുദ്ധമേഖലയിലേക്കുംമററുമാണെന്നു പറയുന്നു. ഞങ്ങളുടെപല പത്രക്കെട്ടുകളും കത്തുകളും പാഴ്സലുകളും അങ്ങനെ പലപല രാജ്യക്കാരുടെയും കൈമറിഞ്ഞു ചാരിത്രഭംഗം നേരിട്ടു അംഗഭംഗം ഭവിച്ചു അഭിമാനഭാരത്തോടെ തിരിയെ വരുന്നുണ്ടു് മദ്രാസ് മുഖ്യമന്ത്രിക്കു അഞ്ചു കൊല്ലം മുമ്പു ആരോ അയച്ച ഒരുകത്തു കറങ്ങിത്തിരിഞ്ഞു കഴിഞ്ഞ ബുധനാഴ്ചയോ മറേറാ അദ്ദേഹത്തിനു കിട്ടിയവാത്ത പത്രങ്ങളിൽ വായിച്ചവരാരും അതിൽ അത്ഭുതപ്പെട്ടില്ല. അഞ്ചു കൊല്ലത്തിനിടയ്ക്കു അതു കിട്ടിയല്ലോ! നാണക്കേടു. നാണക്കേടു ഈ നാണാകെട്ട ഇടപാടു നിർത്തലാക്കാൻ ഒന്നു ശ്രദ്ധിക്കണേ കാൺഗ്രസ്സേ!!



വെയിൽ ഏൽക്കാതെ പോകാം— (ഒരാളിൻെറ കുടവയറിനുതാഴെനിന്നു് വെയിൽകൊള്ളാതെ ഒരു കുട്ടി പോകുന്നതാണു് ചിത്രം)

**DAMOO JEWELLERS** (Opposit Mullakkal Temple Alleppey)

സ്വർണ്ണത്തിലും, വെള്ളിയിലും, ആഭരണങ്ങൾ പരിഷ്കൃതരീതിയിൽ പരിപൂർണ്ണഉത്തരവാദിത്വത്തോടുകൂടി ഭംഗിയായി ചെയ്തുകൊടുക്കപ്പെടും. പ്രൊ. കെ. ദാമോദരൻപിള്ള.

# “ പടം പടം ”

— മീശാൻ —

(ശ്രീ. പി. ഭാസ്ക്കരൻെറ പടം പടം എന്ന ഗാനത്തിൻെറ അനുകരണം)

പടം പടം പിടിച്ചുനാം—പണാധിപന്മാരാ—
വണം
പാരിലിന്നു കേരള—പടങ്ങളെങ്ങു മോടണം
നവം നവ നടികളിൽ—നമ്മൾതൻ പ്രൊഡ—
ക്ഷനിൽ
നാമെട്ടക്കു മേതുപൊട്ട—ഡ്രാമയും സിനിമയാം.
‘ആർട്ടു—കൾച്ചർ വാദികൾ’—തോററുതൊപ്പി
യിട്ടിടും
പാട്ടു—ഡാൻസു—ഗോഷ്ഠികൾ—രസിപ്പവർതുണ—
യ്ക്കുവേ
പോരുവിൻ നടികളെ—ചേരുവിൻ സഖികളെ
സാരി രൂപ വളകൾ വാച്ചു—ബ്രോച്ചിതൊക്കെ
നൽകിടാം
പ്രൊഡക്ഷൻ മന്ദിരത്തിൽഹാ! സിലക്ററട്
ഗേൾസു മായി നാം
രമിച്ചിരിക്കിലേതു നാട്ടു വീട്ടു ഭാര്യ സന്തതി?
വിവിധ മദ്യലഹരിയിൽ—മധുര മദനലീലയിൽ
‘ധടപടലിൽ’ ഷൂട്ടുചെയ്യും ചിത്രമെത്ര
മോഹനം.
സമസ്ത ചിത്ര ഭൂഷണം—‘പ്രസംഗ—ഗോഷ്ഠികൾ
പൂരണം
തറാധിപത്യ കാഹളം—ജയിക്ക ചിത്ര കേരളം.
ഏറെം കാമതുഷ്ണതൻ—മോഹന കിനാവുകൾ
മാറി മാറി വന്നിടുന്നു—കേരളഫിലിമുകൾ.


**മഹാമാന്ത്രികൻ** അതിരഹസ്യമായവശ്യം, സ്തംഭനം തുടങ്ങിയ അത്ഭുത മാന്ത്രിക പ്രയോഗങ്ങളും.

20—ൽപരം ദേവതകളെ വശത്താക്കാനുള്ള മഹാമന്ത്രങ്ങളും, പ്രയോഗങ്ങളും, യന്ത്ര വിധികളുമടങ്ങിയ ഒരു വിശിഷ്ട ഗ്രന്ഥം. വില ണ. 12 മാത്രം.

ജയചന്ദ്രവിലാസം ബുക്കഡിപ്പോ,
ചാല, തിരുവനന്തപുരം. വി. പി. ചാർജ്ജ് പുറമേ

**കുമരകംബ്രദേഴ്സ് ആയുർവൈദ്യശാല**

പുത്തൻചന്ത * * തിരുവനന്തപുരം.

ശാസ്ത്രനിയമം നിഷ്കർഷാപൂർവ്വമാദരിച്ചും, പരിപൂർണ്ണ ഉത്തരവാദിത്വത്തോടുകൂടിയും തയ്യാറാക്കപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ മിതമായവിലക്കു കിട്ടുന്നതാണ്.

കത്തുമൂലം രോഗവിവരം വിശദമായി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. ആയി അയയ്ക്കപ്പെടും.

പൂർണ്ണവിവരങ്ങൾക്ക് എഴുതുക—കുമരകം ബ്രദേഴ്സ്

എക്സ്‌റേ പരിശോധന

# സഖാവ് എം. എൻ. ഗോവിന്ദൻ നായർ

സൈറൺ

ആരാണീ എം. എൻ. ഗോവിന്ദൻനായർ? കോട്ടയത്തിരുന്ന് വളിച്ച വിനോദമെഴുതുന്ന ഒരു കേസ്സില്ലാ വക്കീലുണ്ടല്ലോ. ഒരു പച്ചച്ചിരി ചിരിയ്ക്കുന്ന ഹിന്ദുമണ്ഡലക്കാരൻ. അയാളല്ല ഇതു്. സാഹസവും സമരാവേശവുമുള്ള സഖാവ് എം. എന്നെപ്പററിയാണിവിടെപ്പറയാൻ പോകുന്നതു്. കേരളക്കരയുടെ കണ്ണിലുണ്ണിയായ ആ വിപ്ലവകാരിയുടെകഥകറിയ്ക്കുമ്പോൾ തൂലികയ്ക്കു പോലുംരോമാഞ്ചമുണ്ടായിപ്പോകുന്നു.

നീണ്ട ഒരു രാഷ്ട്രീയ പാരമ്പര്യമുള്ള ശക്തനായ ഒരു നേതാവാണ് എം. എൻ! കാൺഗ്രസ്സ് നാട്ടുകാരിൽ നിന്നൊററപ്പെട്ടുന്നതിനു മുമ്പു അദ്ദേഹം അതിലെ ഒരു സജീവ പ്രവത്തകനായിരുന്നു. പിന്നീട് നാട്ടുകാരുടെ സമരശക്തിയെ ഒററുകൊടുത്തു വഞ്ചിച്ച കാൺഗ്രസ്സിന്റെ ഒരു പ്രഖ്യാപിത ശത്രുവായിത്തീന്നു. അദ്ദേഹം.

ദേശാഭിമാനികളെ പലരെയും പ്രസവിച്ച പന്തളമാണ് എം. എന്റെ ജന്മദേശം. ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് സാധാരണനായി ജീവിച്ച അദ്ദേഹം സാധാരണക്കാർക്കു വേണ്ടി മരിയ്ക്കാൻ തന്നെ തയ്യാറാവുന്നതിൽ എന്താണത്ഭുതം.

നാട്ടുകാരേ സംഘടിപ്പിച്ച്--ചെങ്കൊടിയുമേന്തി—മാറുവിരിച്ച് ഭരിയ്ക്കുന്ന കള്ളപ്പടയുടെ നേരേ മാർച്ചുചെയ്യു അദ്ദേഹത്തെ കാഗ്രൺസ്സ് സക്കാർ വേട്ടയാടിപ്പിടിച്ചു തുറുങ്കിലടച്ചു.

മർദ്ദനം!മർദ്ദനം/മർദ്ദനത്തിനുമേൽമർദ്ദനം! മനുഷ്യത്വത്തെ ചവിട്ടിമെതിയ്ക്കുന്ന ഖദറുകാരുടെ ജയിലുകളെപ്പററി അറിയാവുന്നവരോടു ആ ഭീകരകഥകൾ പറയണമെന്നില്ല. എന്തിനു്? ഉയന്നു താണ ഇടിക്കട്ടകൾ ആ നാട്ടിന്റെ നേതാവിനെ ക്ഷയരോഗം പിടിപ്പിച്ചു. അദ്ദേഹത്തിനു് നാഗർകോവിലുള്ള നരകാശുപത്രിയിലേയ്ക്കു മാററംകിട്ടി. ശ്വാസകോശം ദ്രവിച്ച അദ്ദേഹത്തെ അധികാരികൾ പട്ടിണിയ്ക്കിട്ടു. ശുശ്രൂഷകൾ നിരോധിച്ചു. അങ്ങനെ ഇഞ്ചിഞ്ചായി കൊല്ലാൻ തുടങ്ങി.

പക്ഷേ അദ്ദേഹം നാട്ടിന്റെതായിരുന്നു. അദ്ദേഹത്തേ ഇനിയും നാട്ടിനു വേണമായിരുന്നു. നാട്ടുകാർ ചിന്തിയ പ്രാണരുധിരം കണ്ടു് പ്രചോദനം കൊണ്ടു് ആ ദേശഭക്തൻ കാവൽ പട്ടികളുടെ കണ്ണിൽ മണ്ണിട്ടു് പുറത്തു ചാടി. നാടു മുഴവൻ അരിച്ചു പെറുക്കിയിട്ടും ആ വീരന്റെ ഒരു പൊടിപോലും ഗവമ്മെൻറിനു കിട്ടിയില്ല.

അദ്ദേഹം ജനപ്രതിനിധിയാണു്. കരിഞ്ചന്തരാജനായ ജി. പിയേ തോല്പിച്ച്, തുന്നം പാടിച്ച് ഭരണിക്കാവിലെ ചെമ്മണ്ണിൽ നിന്നു് ആ വിപ്ലവജ്വാല ഉയന്നു പടന്നു. ഇനിയതുതികെടുത്താൻ കള്ളക്കാൺഗ്രസ്സിന്റെ പിണിയാളുകൾക്കു കഴിയുകയില്ല.

സാഖാവു് എം. എൻ. സിന്താബാദ്


## ഗുണം വർദ്ധിപ്പിച്ചു—വിലകൂട്ടി

ഒരാഴ്ചകൊണ്ടു് പരിപൂർണ്ണ ഫലസിദ്ധി ഉളവാക്കത്തക്കവണ്ണം സ്ഖലനനിവാരണിയുടെ നിമ്മാണത്തിൽ അമൂല്യങ്ങളായ ചില നവീന ദ്രവ്യങ്ങൾ കൂട്ടിച്ചേത്തു് ഗുണം വദ്ധിപ്പിച്ചിരിക്കുന്നു. അതിനാൽ പഴയ വിലയായ 4 ക 10 ണയിൽനിന്നു് ഇപ്പോൾ 5 ക 8ണയായി വദ്ധിപ്പിച്ചിരിക്കുന്നവിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എത്ര പഴക്കം ചെന്ന സ്ഖലനരോഗങ്ങൾക്കും സ്ഖലനിവാരണി അനുഗൃഹീതമായ ഒരു സിദ്ധൗഷധം.

2 ആഴ്ചത്തെ ഡപ്പി 1 ക്കു് 5 ക. 8. വി. പി. ചാർജ്ജ് 14 ണ.

മാനേജർ എസ്സ്. ഡി. ഫാർമസി നാഗമഹാം, ആലപ്പി P. O.

# ചക്കാത്തു വായനക്കാർ

“വികടകേസരി, നാലണ”...“വികടകേസരി നാലണ” പത്രക്കാരൻപയ്യൻ ബസ്സ്റ്റാൻററിൽ നിന്നു വിളിച്ചു പറയുന്നു. അപ്പോൾ ഒരു മാരണം അങ്ങോട്ടടുത്തിട്ടു പറയും. “നോക്കട്ടെനിയാ. നാലണയേയുള്ളു അല്ലേ?” “അതേ. വെറും നാലണ. ഇതാ.” പോക്കററിൽ ഇടതു കയ്യിട്ടുകൊണ്ടു് നമ്മുടെ മാരണം മാസിക വായിയ്ക്കാൻവേണ്ടി കണ്ണാടി മൂക്കിൽ പ്രതിഷ്ഠിയ്ക്കുയായി. ബസ്സു വരുന്നതുവരെ അയാൾ തൂണുപോലെനിന്നു വായിയ്ക്കും. ബസ്സു വരുമ്പോൾ അയാൾ പറയും. “ഒന്നുകിൽ നിനക്കു കാശു തരുകയില്ല, അല്ലെങ്കിൽ മാസികതരാം.” ഏതാണിഷ്ടം! എന്തൊരു തൊലിക്കട്ടി! പയ്യന്റെ തെറി കേട്ടാലും ഇളിഭ്യചിരിയും ചിരിച്ചു് അയാളങ്ങനെ നില്ക്കും.

മറെറാരു കൂട്ടരുണ്ടു്. മാസിക വില്പനക്കാരനെ സ്വന്തമായങ്ങു നടിയ്ക്കും. ഒരു കുഴിയിൽ ചാകാൻ പോകയാണെന്നു ഭാവിയ്ക്കും. മാസികയൊന്നെടുത്തു കക്ഷത്തിൽ വച്ചുകൊണ്ടു് ഇഷ്ടനങ്ങുനടക്കും. പൈസ ചോദിക്കുമ്പോൾ പറയും. “ഛേ! നാലണയുടെ കാര്യമല്ലേ? നാണമില്ലല്ലോ അതു ചോദിയ്ക്കാൻ. വെറുതേ വേണമെങ്കിൽ എന്തും തരാം. പക്ഷേ വിലയായിത്തരികയില്ല. എനിയ്ക്കും നിങ്ങൾക്കും അതു കുറച്ചിലാണു്.”

ഇനി മൂന്നാമതൊരു കൂട്ടരുണ്ടു്. മാസികയെപ്പററി നല്ലതുപോലെ പുകഴ്ത്തും. ലേഖനങ്ങളും അസലാണെന്നു പറയും. വില നാലണ വളരെക്കുറവാണെന്നു പറയും. ആ സാഹിത്യരസികൻ അങ്ങനെ സ്തുതിയിൽ പത്രക്കാരനെ മയക്കിയിട്ടു് വായനയും കഴിഞ്ഞങ്ങു മടങ്ങും. കാശു ചോദിച്ചാൽ പറയും ശെട ശല്യമേ! ഇതാകിടക്കുന്നു നിങ്ങളുടെ മാസിക. ഇവിടാക്കു വേണം ഈ പഴഞ്ചൻ മാസിക. ഇതിലെ ഒരക്ഷരം പോലും ഞാനെടുത്തില്ല. പിന്നെന്തിനു വില തരണം.”

ഇനിയും പലഇനത്തിലുണ്ടു് ചക്കാത്തു വായനക്കാർ. ജീവൻപോയാലും നാലണ അവർ ചെലവാക്കുകയില്ല. വല്ല മണ്ടനും വിലകൊടുത്തു വാങ്ങിയാൽ, ഇക്കാലത്തു് ആരെങ്കിലും മാസിക വിലകൊടുത്തു വാങ്ങിക്കുമോ' എന്നു പറഞ്ഞു് അയാളെ കളിയാക്കിയിട്ടു് അയാളുടെ പുറകേ നടന്നു് ഇരന്നു വാങ്ങി വായിയ്ക്കും. അതുകഴിഞ്ഞു് ഉടമസ്ഥനറിയാതെ അതു് വിററു കാശാക്കുകയും ചെയ്യും.

കടകളിൽ കയറിയിരുന്നു സൊള്ളിനേരം കളയുന്ന ചുമ്മാനേതാക്കന്മാരായ തൊഴിലില്ലാമെമ്പറന്മാരാണു് പത്രവത്തനത്തിന്റെ പരമശത്രുക്കൾ! ചക്കാത്തുവായനാവിശാരദന്മാരായ ആ തടിയന്മാർ കലിയുഗത്തിന്റെയും കാൺഗ്രസ്സ് ഭരണത്തിന്റെയും വിചിത്ര ഫലങ്ങളാണെന്നല്ലാതെ മറെറന്തു പറയാനാണു്.

മട്ടമാറുന്നില്ല.—ഇനി ഒരുതരം വായനക്കാർ ഉണ്ടു്. ഇവർ സ്ഥിരം വരിക്കാരാണു്. ഇവക്കു മാസികവായിച്ചേ കഴിയൂ. വരിസംഖ്യകൊടുക്കുന്ന കാര്യത്തിൽ മാത്രം ഈ കൂട്ടർ പിന്നോക്കമാണു് താഴെ പറയുന്ന പേരുകാരെ ഇതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

Ex: മന്ത്രി പറവൂർ ററി. കെ. നാരായണ പിള്ള, കെ. ഗോപാലപിള്ള, ഇലക്ട്രിക്കു് വക്ക്സ് ന്യൂഡെൽഹി കൊഴവട്ടശ്ശേരി യശോധരൻവള്ളികോട്ടു സെൻറ് ആൻഡ്രൂസ് മേനംകുളം കഴക്കൂട്ടം മരാമത്തു സബ്ബ് ഡിവിഷനാഫീസർ സി. കൃഷ്ണപിള്ള കോട്ടയം. ഗോവിന്ദപിള്ള ഹെഡ്മാസ്റ്റർ പുതിയവിള കീരിക്കാട്ടു. നാരായണപിള്ള വൈദ്യകലാനിധിചേരവള്ളി. കായംകുളം

(തുടരും)

VISIT
BHIMA & BROTHER
JEWELLERS
ALLEPPEY

# കേശവൻ ഊളമ്പാറയിൽ

(ഐക്യമുന്നണി അധികാരത്തിൽ വന്നാൽ സി. കേശവനെ ഉടൻതന്നെ ഊളമ്പാറയിലയക്കുന്നതാണെന്ന് ഈയിടെ ഈ. ഗോപാലകൃഷ്ണമേനോൻ പ്രസ്താവിക്കുകയുണ്ടായല്ലോ. അങ്ങനെയായാൽ എങ്ങനെയിരിയ്ക്കുമെന്ന് നമുക്കൊന്നു നോക്കാം.

(സി. കേശവൻ കിടന്നുകൊണ്ടു പ്രവേശിയ്ക്കുന്നു. അടുത്ത് ഒരു ഡാക്ടരും നേഴ്സും നില്ക്കുന്നു.)

കേശവൻ–കോരേ! ഇത്തവണ നമുക്കു കിട്ടിയ അരി മുഴുവൻ പുഴുക്കുത്തു പിടിച്ചതാണ്. ഉടൻ ഡൽഹിയിലറിയ്ക്കണം.

ഡാക്ടർ–സർ, ക്ഷമിയ്ക്കണം. അങ്ങയുടെ തലയ്ക്കാണു പുഴുക്കുത്തു പിടിച്ചതു്. ഞാൻ കോരയല്ല. ഡാക്ടരാണ്.

കേശ–ഓഹോ! മനസ്സിലായി. ഡാക്ടർ ഈ. കെ. മാധവൻ അല്ലേ? എന്താ വന്നതു്. നിങ്ങളെ തോല്പിച്ച ഈ. പി. വർഗ്ഗീസിനെ നമുക്കൊരു പാഠം പഠിപ്പിയ്ക്കണം. ശങ്കറിനെ തോല്പിയ്ക്കാൻ അണിയറയിൽ ചരടുപിടിത്തം നടത്തിയ ടീ. എം. വർഗ്ഗീസിനേയുംവെറുതെ വിടരുതു്.

ഡാക്ടർ–സർ, അധികം സംസാരിയ്ക്കരുതു്. അങ്ങയുടെ തലയിലേ കളിമണ്ണിനു വല്ലാത ചൂടു പിടിച്ചിരിയ്ക്കുകയാണ്.

കേശ–അതേ. കളിമൺ ഫാക്ടറികൾ നാട്ടിന്റെ നാനാഭാഗത്തും സ്ഥാപിയ്ക്കാൻ നമ്മുടെ ഗവൺമെന്റ് ഒരു പഞ്ചവത്സര പദ്ധതി ആസൂത്രണം ചെയ്യാൻ ഗാഢമായി ചിന്തിച്ചുകൊണ്ടിരിയ്ക്കയാണ്.

ഡാക്ടർ–ഈ ഗാഢമായ ചിന്തയാണ് അങ്ങയെ ഇത്തരത്തിലാക്കിയതു്.

കേശ—(നേഴ്സിനെ ചൂണ്ടിയിട്ടു്) ആരാ അതു്. ചന്ദ്രികയല്ലേ? മോളേ! ഇങ്ങടുത്തു വരൂ.

ഫോൺ നമ്പർ 2583.

## പി. മാധവൻതമ്പി

**വെങ്കലപാത്രവ്യാപാരം * ചാല, തിരുവനന്തപുരം.**

ഉറപ്പ്, ഭംഗി, ഒരേവില, ഞങ്ങളുടെ മുദ്രയുള്ള പാത്രങ്ങൾക്കു പരിപൂർണ്ണ ഉത്തരവാദിത്വം.

N. B. ഞായറാഴ്ച കട തുറക്കുന്നതല്ല.

## കദളിരസായനം

മൂത്രത്തിൽക്കൂടി ആദ്യം വെള്ളനിറത്തിലും വർദ്ധിച്ചാൽ മഞ്ഞനിറത്തിലും മററിപ്പോയാൽ രക്തം കലർന്നും പ്രായേണ ദുർഗ്ഗന്ധത്തോടുകൂടിയും സ്രാവം ഉണ്ടാകാറുണ്ടു്. ഇതുനിമിത്തം ജീവിതംതന്നെ ഭാരമായിതീർന്നു നരകദുരിതം അനുഭവിക്കുന്നവർക്കു് ഇതു ഒരു ദിവ്യൗഷധമാണു്.

വില റാത്തൽ ഒന്നുക്കു് രൂപാ 6.

മാനേജർ, ശ്രീ ആത്രേയാശ്രമം

ആയുർവേദ വൈദ്യശാല, കൈതമുക്ക്, തിരുവനന്തപുരം.

ബാലനെങ്ങനെയിരിയ്ക്കുന്നു. ഗുരുതപരദോഷിയാണെങ്കിലും എന്റെ മകനായിപ്പോയില്ലേ അവൻ. ആട്ടെ. നീ പ്രസവിച്ച കുഞ്ഞ് ആണോ പെണ്ണോ ?

നേഴ സ്–ങ്ഹേ! ഞാൻ പ്രസവിച്ചെന്നോ? അധിപ്രസംഗം പറഞ്ഞതല്ലുണ്ടല്ലോ. പല്ലടിച്ചുതാഴെയിടും. കിഴവന്റെ അഹങ്കാരം നോക്കണം.

കേശ–ചന്ദ്രികേ! ബാലനെപ്പോലെ നീയും തുടങ്ങുകയാണോ? ഇങ്ങനെയാണെങ്കിൽ ഞാൻ പ്രധാനമന്ത്രിസ്ഥാനം രാജിവച്ചു കളയും.

ഡാക്ടർ–സർ, അങ്ങിപ്പോൾ പ്രധാനമന്ത്രിയല്ല. ടി. വി. തോമസ്സാണ് പ്രധാനമന്ത്രി. മാഞ്ഞൂരാനും ടി.കെ. ദിവാകരനുമാണ് ഉപമന്ത്രിമാർ.

കേശ–അവരേ ഇപ്പോൾ തടങ്കലിൽ നിന്നു വിടാൻ സാദ്ധ്യമല്ല. പത്രപ്രതിനിധികളേ, ചില സുപ്രധാന രാഷ്ട്രീയ സംഭവവികാസങ്ങൾ വെളിപ്പെടുത്താനാണ് നിങ്ങളെ ഇവിടെ വിളിച്ചുകൂട്ടിയതു്. പേട്ടയിൽ നിന്നു് കൃത്തികേയനോ സുകുമാരനോ ആരും വന്നില്ലേ?

ഡാക്ടർ–ഇതു കണ്ടോൺമെൻറു് ഹൗസല്ല. ഊളമ്പാറയാണു്.

കേശ–ആ ചോദ്യത്തിനു് ഇപ്പോൾ ശരിയായ മറുപടി പറയാൻ പ്രയാസം. കാൺഗ്രസ്സ് എം എൽ. എ. മാക്കു താമസിയ്ക്കാൻ ഊളമ്പാറയാശുപത്രി വിട്ടുകൊടുക്കുന്നതിനെപ്പറ്റി ഗവമ്മെൻറാലോചിയ്ക്കുന്നുണ്ടു്.

ഡാക്ടർ–നഴ്സ്! ഞരമ്പുരോഗത്തിനു കുത്തിവെയ്ക്കാനുള്ള ഉപകരണങ്ങൾ വേഗം കൊണ്ടുവരൂ.

കേശ–അതും ഗവമ്മെൻറിന്റെ പരിഗണനയിലിരിയ്ക്കുന്നു.

ഡാക്ടർ–അങ്ങയുടെ ദ്രവിച്ച തലച്ചോറു മാററിയിട്ടു് ഒട്ടകത്തിന്റെ തലച്ചോർ വെയ്ക്കുന്നകാര്യം ഞങ്ങളുടെ പരിഗണനയിലുമിരിയ്ക്കുന്നു.

---


## പ്രീമിയർ ഹോട്ടൽ & ഹോസ്റ്റൽ

**ശ്രീനാരായണകാളേജിനു സമീപം, കൊല്ലം.**

ശുചിയായും രുചിയായും തയാറാക്കപ്പെടുന്ന ആഹാരപാനീയ പദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ. കെ. ബാലകൃഷ്ണപിള്ള.

*Visit!* **ശാന്താബേക്കറി**

പുളിമൂട് * * തിരുവനന്തപുരം.

ഒന്നാംതരം ബന്നുകൾ, റൊട്ടികൾ, കേക്കുകൾ, ബിസ്കററുകൾ, സ്വീററുകൾ ഇവ എപ്പോഴും ഇവിടെ കിട്ടുന്നതാണു്

**A. S. S. മാർക്ക് നല്ലെണ്ണ**

കലാവേദി

# ലളിതാ—പത്മിനിമാർ

"ലളിതാ പത്മിനി'മാർ' എന്നുള്ള ഹെഡിംഗ് കേട്ടു പേടിക്കേണ്ടാ. ലളിതയുടേയും പത്മിനിയുടേയും മാറിനെപ്പററിയല്ല ഇവിടെ പറയാൻ പോകുന്നതു്. അവർ രണ്ടും സിനിമാരംഗത്തു നിന്നും 'മാർ' (മാറു്) എന്നർത്ഥത്തിലുമല്ല ആവാക്കുപയോഗിച്ചതു്".

ഇപ്പോൾ രാഷ്ട്രീയരംഗം ദുഷിപ്പിച്ച 'മന്നശങ്കരന്മാരെ' പ്പോലെയായിട്ടുണ്ടു് ഈ ഇരട്ട സത്വങ്ങളും. ഏതു സിനിമ കണ്ടാലും ഇതുങ്ങളുടെ ലാത്തിച്ചാർജ്ജുണ്ടു്. പണ്ടു് എൻ. എസ് കൃഷ്ണനെന്നും മധുരമെന്നും രണ്ടുബാധകൾ ഉണ്ടായിരുന്നല്ലോ അതുപോലെ. അവർ കാണിക്കുന്നതു് ഡാൻസാണോ ഉഡാൻസാണോ എന്നാണു് ഈ ലേഖകൻെറ സംശയം.

ലളിതയ്ക്കാണു് പത്മിനിയേക്കാൾ തൻറേടം. സ്ത്രീത്വം പത്മിനിക്കാണു കൂടുതൽ. അതുകൊണ്ടായിരിക്കാം പത്മിനി കൂടുതൽ അറുവഷളായിപ്പോയതും. രണ്ടിൻേറയും സ്വഭാവത്തിന്നു് ലീക്കുണ്ടുന്നാണു കേഴ്വി. ചെറുപ്പത്തിൽ അവരുടെ തിരുവനന്തപുരം വസതിയിൽ അരിവപ്പിന്നു നിന്ന ഒരു ഉണ്ണിത്താനാണു് ഇക്കഥ ഈയുള്ളവനോടു പറഞ്ഞതു്. അയാളുടെ അഭിപ്രായത്തിൽ അവർ രണ്ടും എങ്ങോട്ടും ചായുകയും വളയുകയും ചെയ്യുന്ന രണ്ടു തണ്ടുള്ള കള്ളിച്ചെടികളാണു്.

......നിത്തു്! അയ്യോ! പതിവ്രതാമണികളും സുശീലകളുമായ ലളിതാ പത്മിനിമാരേപ്പററി എടാ ദ്രോഹി! നീയെന്താണെഴുതിപ്പിടിപ്പിച്ചതു്. ഉം. അവർ നല്ലവരാണെന്നെഴുതു്! സുബ്രഹ്മണ്യത്തേയോ ടി. ആർ. മഹാലിംഗത്തേയോ ബാലയ്യായേയോ അവർ സ്വപ്നത്തിൽപോലും കണ്ടിട്ടില്ലെന്നെഴുതു്! സ്വഭാവ ദൂഷ്യംകാരണം അച്ഛനമ്മമാർക്കു് അവരോടു വിരോധമാണെന്നുള്ള പറച്ചിൽ കള്ളമാണെന്നെഴുതു്.

നടികളെല്ലാം ചീത്തയാണെന്നൊരു ധാരണ ലോകത്തുണ്ടു്. അബദ്ധം! അബദ്ധം! ഈ മാസികക്കാരാണു് നമ്മുടെ നടികളെപ്പററി ഈ പച്ചനുണയെല്ലാം എഴുതിപ്പിടിക്കുന്നതു്. ഈ മാസികലേഖകന്മാരേയെല്ലാം ഒരു മണിക്കൂർ ഒരു താരമായിടപെടാനനുവദിച്ചാൽ അവരുടെ തെററിദ്ധാരണകൾ പമ്പകടക്കും. പമ്പര വിഢികളേ നടികൾ ചീത്തയാണോ? അല്ല! അല്ല! അവർ ദിവസവും ലക്സ് സോപ്പുപയോഗിച്ചല്ലോ കുളിക്കുന്നതു്. പ്രസിഡൻറു വെജിററബിൾ ഹെയർ ഓയിൽ കൊണ്ടല്ലേ തലമുടി മിടഞ്ഞിടുന്നതു്. പിന്നെങ്ങിനെ ചീത്തയാകാൻ?

അവർ ചെയ്യുന്നതെല്ലാം വെറും അഭിനയമല്ലേ? അതിനെ നിങ്ങൾ കാര്യമായെടുത്തല്ലോ. ഡയറക്ടന്മാരുമായി അടുത്തിടപെടുന്നെങ്കിൽ അതു ഉടനെ ഷൂട്ടുചെയ്യാൻ പോകുന്ന രംഗങ്ങളുടെ വെറും റിഹേഴ്സൽ മാത്രമല്ലേ?

നല്ലവരായ ലളിതാ പത്മിനിമാർ നമ്മുടെ സിനിമാ വേദിയേയും നടന്മാരേയും എന്നെന്നും പുളകം കൊള്ളിയ്ക്കട്ടെ!!

★ ഉടനെ ആവശ്യമുണ്ടു് ★

ഞാൻ ഈ സ്ഥലത്തു നടത്തിവരുന്ന ആയുർവേദാശുപത്രിയിൽ അസിസ്ററൻറു് വൈദ്യനായി പരീക്ഷായോഗ്യതയുള്ള ഒരു സ്ത്രീ വൈദ്യനെ ആവശ്യമുണ്ടു് മിഡ്വൈഫറിപാസായ സ്ത്രീയായിരുന്നാലും മതി. ശംമ്പളവും മററും എഴുതിചോദിക്കുക.

കെ. കുഞ്ഞുകൃഷ്ണൻ വൈദ്യൻ.
ഗവ: അംഗീകൃത ആയുർവേദാശുപത്രി ആയ്യനാട്ടു്.

# അമ്മയെ അവർക്കു പിടിച്ചില്ല

(അസഭ്യകുമാരിയ്ക്കൊരു മറുപടി)

അമ്മയെ കാക്കിച്ചു തുപ്പിയ ഒരു അജിത കുമാരിയെപ്പററിയാണു് ഇവിടെ പറയാൻ പോകുന്നതു്. കുററങ്ങളും കുറവുകളുമുള്ള 'അമ്മ യെ' സ്വാഭാവികമായി—മാന്യമായി നിരൂപണം ചെയ്തിരുന്നെങ്കിൽ ഞങ്ങൾക്കു വഴക്കില്ലായിരു ന്നു. സംസ്ക്കാരം എന്തെന്നറിയാൻ വയ്യാത്ത കുമാരി അങ്ങനെയല്ല ചെയ്തതു്. അമ്മയുടെമുഖ ത്തുനോക്കി പച്ചത്തെറി വിളിച്ചുപറയാൻ—അ മ്മയുടെ ആവരണങ്ങൾ അഴിച്ചു മാററി കൈ കൊട്ടി പ്പൊട്ടിച്ചിരിക്കാൻ മാത്രമാണവർ മിന ക്കെട്ടതു്.

മുകളിൽ സൂചിപ്പിച്ച ലേഖനം തസ്വീർ എന്ന സിനിമാമാസികയുടെ പ്രഥമ സംഭാവന യാണു്. പന്നിക്കുഞ്ഞുങ്ങളെപ്പോലെ പെരുകു ന്ന സിനിമാമാസികകളുടെ കൂട്ടത്തിൽ ചാടിവീ ണു് തെറിവ്യവസായ മാരംഭിച്ചിരിക്കുന്ന ത സ്വീറിൻെറ താലികെട്ടി സമ്മതിക്കണം. പ്ര ഥമലക്കത്തിൽ അവക്കു പ്രസ്താവനയൊന്നും പുറപ്പെടുവിക്കാനില്ല. നയപരിപാടികളൊന്നും വിശദീകരിക്കാനില്ല. മുഖപ്പേജിൽതന്നെ ഞാ ൻകണ്ട സിനിമ 'യെന്ന ഹെഡിംഗിൽ' തി ക്കുറിശ്ശി ലളിത തുടങ്ങിയ താരങ്ങളുടെ മേൽ നാറുന്ന ചെളിവാരി എറിയുകയാണവർ ചെയ്ത തു്. ചെളിവാരി എറിയിച്ചതോ നാററവും മ ണവും തിരിച്ചറിയാൻ വയ്യാത്ത ഒരജിത കുമാ രിയെക്കൊണ്ടു്.

ഹേ! കുമാരി! ലളിതയുടേയും സരോജയുടേ യും മറവും വാലിൽക്കെട്ടിയടിക്കാൻ കൊള്ളാ മോ നിങ്ങളെക്കൊണ്ടു്. ചുണയുണ്ടെങ്കിൽ—ക ഴിവുണ്ടെങ്കിൽ അണിയറയിലിരുന്നുള്ള ഈ തെറിവ്യവസായം നിറുത്തി അരങ്ങത്തു വന്നാടു ക/ പാടുക! അപ്പോൾ കിട്ടുന്ന സമ്മാനം എന്താണെന്നറിയാമല്ലോ?

---

## അറിയിപ്പു്

വികടകേസരിയുടെ വക്കല, കടയ്ക്കാവൂർ, വക്കം, ആലംകോട്ടു, നാവായിക്കുളം, പാരിപ്പ ള്ളി, പാളയംകുന്നു്, വെഞ്ഞാറമൂട്ടു്, മടവൂർ പള്ളിക്കൽ, അഞ്ചുതെങ്ങു് തുടങ്ങിയ സ്ഥലങ്ങ ളിലെ ഏജൻറായിരുന്ന ആററിങ്ങൽ അവന വഞ്ചേരിഗിരിജാലയംമി.പി.കൃഷ്ണപിള്ളയെതൽ സ്ഥാനത്തുനിന്നും പിരിച്ചുവിട്ടിരിക്കുന്നു. മി. കൃ ഷ്ണപിള്ള വശംഏല്പിക്കുന്ന പണസംബന്ധ മായ മററുസംഗതികൾക്കു ഞങ്ങൾ ഉത്തര വാദിയല്ല.

ഈ സ്ഥലങ്ങളിൽ പുതിയ ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ,
വികടകേസരി, തിരുവനന്തപുരം.

---


## വിഷവൈദ്യശാല

കരീലകുളങ്ങര ... ... കായംകുളം.

പേപ്പട്ടി, പാമ്പ്, എലി, എട്ടുകാലി ഇവകളുടെ വിഷത്തിനും കൈവിഷത്തിനും അത്ഭുതകരമായ ചികിത്സ പേപ്പട്ടിവിഷത്തിനു പത്ഥ്യമേ വേണ്ട ?

വൈദ്യൻ മാംകുളം കെ. ഗോവിന്ദൻ നംപൂതിരി,
വിഷവൈദ്യ വിശാരദ്, എം. സി. ആർ. സി.

# ഓടയിൽ നിന്നു്

[മൂട്ടം തലയുമില്ലാതെ മഴഭ്രാന്തു പറയുന്ന കെ.ശ വദേവിൻെറ കൃതിയല്ല ഇവിടെ പ്രതിപാദ്യം. കാൺഗ്രസ്സ് നേതാക്കന്മാർ സർവോദയ സിദ്ധാന്തമനുസരിച്ചു് തിരുവനന്തപുരം ഓടകൾ വൃത്തിയാക്കിയ സംഭവത്തെ ഇവിടെ അനുസ്മരിയ്ക്കുന്നെന്നേയുള്ളു.]

സ്ഥലം. കന്നുകുഴിലുള്ള ഒരു വൃത്തികെട്ട ഓട. സമയം പരപരാ വെളുക്കുന്നു.

(ഓടയിൽനിന്നു് വരദരാജൻനായർ, സി. നാരായണപിള്ള എന്നിവർ എഴുന്നേല്ക്കുന്നു.)

വരദം—നാരായണപിള്ള ച്ചേട്ടാ! നമുക്കീ ഓടയിൽ കിടക്കുന്നതിനിടവന്നല്ലോ.

സി. നാരായം—(ചെവികേൾക്കാത്തതിനാൽ) ഹെന്തു്? എൻെറ ഭാര്യ വില്പനയ്ക്കു് പരസ്യമായി ഖാദി വസ്ത്രാലയത്തിലിരുന്നതിനു തനിയ്ക്കാണോ നഷ്ടം!

വരദം-(ഉച്ചത്തിൽ) അല്ല ചേട്ടാ! ഈ ഓടയിലെ അഴുക്കുവെള്ളവുമായി ഇ ട പ ഴ കേ ണ്ടി വന്നല്ലോ.

നാരായം—എടോ, താൻ തൻെറ തന്തയായ രാജഗോപാലചാരിയുടെ തരമൊന്നും എൻെറടുക്കൽ എടുക്കരുതു്. ഞാൻ ഇൻഡ്യൻ എക്സ്പ്രസ്സിൽ സ്ഥലം ലേഖകനായിട്ടു് വയററുപിഴപ്പു നടത്തുന്നെങ്കിൽ തനിയ്ക്കാണോ നഷ്ടം,

വരദം—(വെടിപൊട്ടുന്ന ശബ്ദത്തിൽ) ചേട്ടാ! ഞാനങ്ങനെയൊന്നുമല്ല പറഞ്ഞതു്. ഈ ഓടയിലെ വെള്ളത്തിൻെറ നാററത്തെപ്പററി പറയുകയായിരുന്നു.

നാരായം—കാൺഗ്രസ്സ് അഴുകിനാറിയതിന്റെ നാററമല്ലേ? എന്തു ചെയ്യാം. സഹിയ്ക്കാതെ നിവൃത്തിയുണ്ടോ?

വരദം—ഞാൻ കാർപ്പറേഷൻ മേയറായിരുന്നു് പട്ടണം ദൂഷിപ്പിച്ചതിൻെറ ഫലമാണിതു്. ഓട കഴുകിയവൾക്കു ശമ്പളം കൊടുത്ത ഈ കൈകൊണ്ടു് ഇതു ചെയ്യേണ്ടി വന്നല്ലോ.

Radhakrishna Motor Works
Vadayattukotta, Quilon.
വെൽഡിംഗ് അലൂമിനിയം, കാസ്റ്റയേൺ, ബ്രാസ്, കാപ്പർ, അയേൺ സ്റ്റീൽ മുതലായ എല്ലാ ലോഹങ്ങളും മിതമായ ചാർജ്ജിൽ വെൽഡ് ചെയ്തുകൊടുക്കപ്പെടും.

A. GOPINATHAN
JEWELLER & DIAMOND MERCHANT
S. PARAVUR - T. C. S.
പരിപൂർണ്ണ ഉത്തരവാദിത്വം, മിതമായ വില. സ്വർണ്ണം, വെള്ളി, കല്ലുകൾ ഇവ കൊണ്ടുള്ള ആഭരണങ്ങൾ പരിഷ്കൃതമായ രീതിയിൽ കൃത്യനിഷ്ഠയോടുകൂടി ഇവിടെ ചെയ്തു കൊടുക്കപ്പെടുന്നതാണു്.
N. B. കൂടാതെ റെഡിമെഡായും ഇവിടെ ലഭിക്കുന്നതാണു്.

നാരായം—അനിയാ ജോലിതുടങ്ങാം. ചുവ്വലും തുമ്പായും മററും വേഗമെടുത്തുകൊണ്ടുവാ.

വരദം—ശരി. ജോലിതുടങ്ങാം. നമുക്കീജോലിയെങ്കിലും കിട്ടിയല്ലോ. ബാക്കിയുള്ള കാൺഗ്രസ്സുകാരുടെ കാര്യമാണു കഷ്ടം!

നാരായം—ടി. കെ. ഒരു ഹോട്ടലിൽ നില്ക്കുകയാണെന്നു കേൾക്കുന്നു. പി. ററി. ചാക്കോയ്ക്കു ചമ്പൻകച്ചവടമാണു്,

വരദം—വർഗ്ഗീസ് ഇന്നലെ ഒരു ഭാരവണ്ടി വലിച്ചുകൊണ്ടു പോകുന്നതു കണ്ടു. ഇടത്തുകിടക്കുന്നതു് ഒരുകാളയാണു്. കഷ്ടം! അതിയാനു് ഇതു വന്നല്ലോ.

നാരായം—"മാളിക മുകളേറിയ മന്നൻെറ തോളിൽ മാറാപ്പു കേററുന്നതും ഭവാൻ"എന്നു് സരസകവി അഴകപ്പചെട്ടിയാർ പാടിയതു കേട്ടിട്ടില്ലേ.

വരദം—ചേട്ടാ! ഈ ഓടവെള്ളത്തിലൂടെ ഉരുണ്ടുരുണ്ടു വരുന്നതെന്താണു്?

നാരായം—അഴകിയ ഒരു 'കുമ്പള'ങ്ങായാണെന്നു തോന്നുന്നു. കഷ്ടം! എത്ര നല്ല ഒരു സ്ഥാനത്തുനിന്നതാണിതു്. ഇതാ പുറകെ കോരയും ചീരയും മററും ഒഴുകിവരുന്നു.



ടെയിലർ — സാർ—ടേപ്പിനു നീളം പോരല്ലോ.

വരദം—അതാ അതിനു പുറകേ ദ്രവിച്ച ഒരു വലിയതേക്കുകഴ ഉഴുകി വരുന്നല്ലോ ഇതെങ്ങനെ പിടിച്ചു മാററും.

നാരായം—അനിയാ, ഇതു് നമ്മുടെ ജി. ചന്ദ്രശേഖരപിള്ളയല്ലേ? കഷ്ടം! ഈ നല്ല ഉരുപ്പടികളെല്ലാം ഇങ്ങനെ നിരാധാരമായി പ്പോയല്ലോ. എല്ലാം കർമ്മഫലം.

---

# കുണ്ടറയിലെ കസ്തൂർബാ ശിശുസംരക്ഷണ കേന്ദ്രം

പൊതുജന സേവാതല്പരനായ ശാന്തിസദനം ഡാക്ടർ കെ. ജി. കുമാർ അവർകളാൽ സ്ഥാപിച്ചു നടത്തിവരുന്ന കസ്തൂർബാ ശിശുസംരക്ഷണകേന്ദ്രം ഇവിടത്തെ അവശകുട്ടികൾക്കു് അനുഗ്രഹപ്രദമായി അഭിവൃദ്ധിപ്പെടുന്നു.

ഈ കേന്ദ്രത്തിൽനിന്നു കുട്ടികളുടെ ആരോഗ്യരക്ഷയെ പരിഗണിച്ചു് പാൽവിതരണവും സൗജന്യ വൈദ്യസഹായവും കുമാർ അവർകളുടെ ശ്രദ്ധാപൂർവ്വമായമേൽനോട്ടത്തിൽ നടത്തിവരുന്നതുകൂടാതെ വിദ്യാഭ്യാസപരമായിവേണ്ട പ്രോൽസാഹനം നൽകുന്നതിനു വേണ്ടപരിപാടികൾകൂടി അസൂത്രണം ചെയ്തിരിക്കുന്നു.

## ആററുകാൽ

ആററുകാൽ ദേവീക്ഷേത്രത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള കുത്തിയോട്ടം, താലപ്പൊലി എഴുന്നള്ളിപ്പ് മുതലായ പരിപാടികൾ കുംഭം 27—ാതീയതി തിങ്കളാഴ്ച മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് വളരെ വിപുലമായതോതിൽ ഭംഗിയായി നടന്നിരിക്കുന്നു. ഇതിൽ പൊതുക്കാര്യപ്രസക്തനും ഉദാരമതിയുംആയ ശ്രീധരൻപിള്ളയുടേയും, Y. M. A. യുടേയും പ്രവർത്തനങ്ങൾ പ്രത്യേകം സ്മരണീയമാണു്.


## വികടകേസരിപരസ്യനിരക്കു്

| | രൂ. | ണ. | സ. |
|---|---|---|---|
| കവർ നാലാം പേജ് | 75 | 0 | 0 |
| ടി 2 ടി | 50 | 0 | 0 |
| ടി 3 ടി | 50 | 0 | 0 |
| കവറിനുള്ളിൽ | 45 | 0 | 0 |
| ഒരിഞ്ചുകാളം | 3 | 8 | 0 |

പരസ്യചാർജ്ജ് മുൻകൂർ

# ബി. ഏയ്ക്കും എം. ഏയ്ക്കും ചേരാം ?

നമ്മുടെ ഒൻപതാംക്ലാസ്സുകാരായ സാഹിത്യവിശാരദന്മാരെ ബി. ഏയ്ക്കു ചേൎക്കാമെന്നും വന്നപ്പോൾ അവർ എം. ഏയ്ക്കും കൂടി ചേരണമെന്നുപറഞ്ഞു നിൽക്കുകയാണു പോലും. അങ്ങനെ സാധിച്ചുവച്ചുകൊടുക്കാമെന്നുപഴയ പനമ്പള്ളിമേനോൻ ഏററിട്ടുണ്ടെന്നുംഅറിയുന്നു. പരീക്ഷ കാലംവരുമ്പോൾ ഫീസടച്ചു പ്രൈവററായി എം. ഏയ്ക്കും നേരേ അങ്ങു ചേരുകതന്നെ! നമ്മുടെ നാട്ടിലെ പരീക്ഷകന്മാരുടെ പടിക്കൽ ചെന്നു അവരും ഭാൎയ്യയും പന്ത്രണ്ടു കാശിനു കപ്പലണ്ടി വാങ്ങികൊടുത്താൻ മതി പരീക്ഷ മൂന്നുതരമായി ജയിക്കും. ആ സ്ഥിതിക്കു സൎക്കാരിനെ സാഹിത്യവിശാരദന്മാർ വിട്ടയക്കുന്ന ലക്ഷണം കാണുന്നല്ല. ചികിത്സ അറിയാത്ത നിരക്ഷരന്മാരെ വൈദ്യന്മാരായി രിജിസ്റ്റർ ചെയ്യുന്ന സൎക്കാരിനു എന്തുകൊണ്ടു് ഇവരെ എം ഏ പരീക്ഷക്കു ചേൎത്തുകൂടാ, എന്നാണു ഞങ്ങളുടെ ചോദ്യം! വല്ലതും നല്ല ഒരു തുക ആ ഇനത്തിൽ വന്നുകൊള്ളുമല്ലൊ എം. ഏ പാസായാൽ പിന്നെ അവൻെറ അമ്മയുടെ വിധി.

അതല്ലങ്കിൽ ഞങ്ങൾ ഒന്നു പറയാം, ഇതു പ്രായപൂൎത്തി വോട്ടവകാശത്തിൻെറയും മൌലികാവകാശത്തിൻെറയും കാലമാണ്. എം. ഏ. യ്ക്കു ചേരുന്നതിനു പ്രായപൂൎത്തിയായ ഏതൊരാൾക്കും അവകാശമുണ്ടെന്നു നിരത്തിപ്പിടിച്ചു ഒരു നിയമം ഉണ്ടാക്കിയാൽ മതി ഒരു തവണ ചേരുന്നതിനു അമ്പതു രൂപാ ഫീസും നിശ്ചയിക്കട്ടെ. സൎക്കാരിൻെറ സകല ബുദ്ധിമുട്ടുകളും നീങ്ങി ഖജനാവിൽ പണംവന്നു കുമിയുന്നതിനു ഇതു ഒരേകാൎയ്യം മതി. സകല ഉദ്യോഗസ്ഥന്മാൎക്കും ശിപായിമാൎക്കും നൂറുരൂപായിൽ കുറയാതെശമ്പളം കൊടുക്കുന്നതിനും ഇതുമാത്രം മതി. എന്താ എന്തുപറയുന്നു.

---



For FAVOURS RECEIVED

## വികടകേസരി വരിസംഖ്യ

| | രൂ. | ണ. | സ. |
|---|---|---|---|
| ഒരുകൊല്ലത്തേക്കു | 3 | 0 | 0 |
| ആറുമാസത്തേക്കു | 1 | 8 | 0 |
| ഒററപ്രതി | 0 | 4 | 0 |

വി. പി. ഏൎപ്പാടില്ല.


**ശശാങ്ക**

**രക്ഷാകേന്ദ്രം**

മൂത്രാശയരോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം, കാണാതെ പരവശപ്പെട്ടു് വലയുന്ന സഹോദരീ സഹോദരന്മാൎക്ക് പൂൎണ്ണാശ്വാസപ്രദമായ ഒരേഒരു രക്ഷാകേന്ദ്രമാണു് ശശാങ്ക! സ്കലനം, പഴുപ്പുപോക്ക് പ്രമേഹ, മൂത്രചൂടു് മൂത്രത്തിലുള്ള അടപ്പു് (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക് രക്തംപ്പോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു്, വില 3 രൂ. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ
**എസ്. എസ്. പിള്ള,**

P. O. മാവേലിക്കര, തിരുവിതാംകൂർ
**വിജയാഫാൎമസി.**

# ധന്വന്തരി വൈദ്യശാല H.O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാലാ, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശ്ശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്ട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കൂത്താട്ടുകുളം, പിറവം, മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാന്നൂർ, നെടുമങ്ങാട്.

★ ച്യവനപ്രാശം ലേഹ്യം ★ റാത്തൽ 1-ന് 3 രൂപാ

ക്ഷീണശരീരങ്ങൾക്ക് ബലം, ആരോഗ്യം. ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം, ശുക്ലദോഷം, ഉച്ചിയടപ്പ് രക്തവാദം. ഇവകളെ നശിപ്പിക്കയും ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം

*Visit-* **CENTRAL CAFE**

NEAR CENTRAL THEATRE

PAZHAVANGADI -- TRIVANDRUM.

സന്ദർശിക്കുവിൻ--

★ സെൻട്രൽ കഫേ ★

സെൻട്രൽ തിയേററിനു സമീപം.

പഴവങ്ങാടി — — തിരുവനന്തപുരം.

Prop T. P. T. NAIR.

# ശാന്താസദനം ആശുപത്രി ആൻറ് ഫാർമസി

**H. O.** കുണ്ടറ. ബ്രാഞ്ച് കൊട്ടിയം.

ആയുർവേദ ഫാർമസ്യൂട്ടിക്കൽ വർക്ക്സ് ആൻറ് മെഡിക്കൽസ്റ്റോർ,

കസ്തൂർബാ ശിശുസംരക്ഷണകേന്ദ്രം (സെൻറർ—കുണ്ടറ)

രോഗികൾക്ക് ആശ്വാസകേന്ദ്രം

യാതൊരു ചികിത്സയിലും ആശ്വാസം ലഭിക്കാതെ ക്ലേശമനുഭവിക്കുന്ന വാതം, കുഷ്ഠം പ്രമേഹം, അർശ്ശസ്സ്, മുതലായ രോഗങ്ങൾക്കും, പഴക്കമേറിയ പൂയമേഹം (ഗൊണേറിയ സിഫിലിസ്) മൂത്രാശയരോഗങ്ങൾ മുതലായവയ്ക്കും, സ്ത്രീസഹജങ്ങളായ ആർത്തവകാല രോഗങ്ങൾക്കും.ഗർഭധാരണത്തിനു തടസങ്ങളായ രോഗങ്ങൾ ഗുന്മൻ മുതലായ ഇതര വ്യാധികൾക്കും ക്ഷയം, കാസം,രാജയക്ഷ്മ മുതലായ ഹൃദ്രോഗങ്ങൾക്കും ശാന്തിസദനത്തിലെ ചീഫ് ഫിസിഷൻ കെ. ജി, കുമാർ ആർ. എം. പി. അവർകളുടെ വിദഗ്ദ്ധമായ വൈദ്യസേവനം പൂർണ്ണമായ ആശ്വാസത്തെ പ്രദാനം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

# സ്വയംവരശുംഭന്മാർ

* വൃകോദരൻ *

(തുടർച്ച)

ദൈവഹിതം ഒരിക്കലും നടക്കാതെ പോകുകില്ലല്ലോ ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു സംബന്ധിച്ചു പോളിംഗ് സ്റ്റേഷനിൽ പോയിട്ടുള്ളവർക്കു ആ ബാലററു പെട്ടിയുടെ മുമ്പിൽ നിന്നാൽ ഈ സ്വയംവരകഥഓർത്തു ചിരിവന്നുപോകും ടി. കെ. നാരായണപിള്ളയുടെ പെട്ടിയുടെ മുമ്പിൽ രണ്ടു കാളകൾ. ഐക്യമുന്നണിക്കാരൻ വി. പി. നായർക്കു കൈപത്തി. പിന്നൊരാൾക്കു ഒരു നക്ഷത്രം. വേറൊരുത്തനു ത്രാസ് ഇങ്ങനെ ആ പെട്ടികൾ നിരന്നിരിക്കുന്നു. അവ സമ്മതിദായകരായ ദമയന്തിമാരോടു പ്രണയം യാചിക്കുന്ന ആ രംഗം എന്തു ദയനീയമാണു്. ടി. കെ. യുടെപെട്ടി പറയുകയാണു്.

"എൻെറ പൊന്നു ദമയന്തി എന്നെ പരിഗ്രഹിക്കണേ. ഞാൻ കഴിഞ്ഞ ജന്മം ഒരു കാളയും നീ ഒരു പശുവും ആയിരുന്നു. ഒരു ഞാററടിക്കണ്ടം ഉഴുന്നതിനു എന്നെ നുകത്തിൽ കെട്ടിനിറുത്തിയ അവസരത്തിൽ നീ ആ നിലത്തിനു മറുകരെയുള്ള വരമ്പിൽ നിന്നു മേയുകയായിരുന്നു. എനിക്കും കൂടിവന്നു മേയണമെന്നു തോന്നി നല്ലപോലെ മേയാൻ വശമുള്ള ഒരു ജാതി കൂരിവർഗ്ഗത്തിൽപ്പെട്ട മൂരിക്കുട്ടനാണു് ഞാൻ. എന്നെ നീ സ്വീകരിക്കണേ."

ഉടൻ അടുത്തപെട്ടിയിലെ ബാരിസ്റ്റർ എം. ആർ. ൻെറ നക്ഷത്രചിഹ്നം ദമയന്തിയുടെ ഉടുതുണിയിൽ കടന്നുപിടിച്ചു. അവൾ അടിക്കാൻ കൈഓങ്ങി. നക്ഷത്രം പറഞ്ഞു "എന്നെ അടിച്ചു എനിക്കതുമതി ഞാൻ ഇന്നുവരെ ഒരു സ്ത്രീയുടെ ശരീരത്തിൽ തൊട്ടിട്ടില്ല. എനിക്കു അറുപതു കഴിഞ്ഞു ഒരു സ്ത്രീയെ ഒന്നു നഗ്നമായി കാണുവാൻവേണ്ടി ഞാൻ ഈ കഴിഞ്ഞ അറുപതു കൊല്ലവും കിടന്നു നക്ഷത്രക്കാലെണ്ണുകയായിരുന്നു. ഒടുവിൽ ഞാൻ എൻെറ സഹോദരവർഗ്ഗത്തിൽപെട്ട സ്ത്രീജനങ്ങളെപോലും സ്പർശിക്കുമെന്നു തോന്നിപ്പോയി അത്രകണ്ടു ഞാൻ എന്നിൽ ഒതുങ്ങാതായി. ഞാൻ ഈ സ്വയംവരത്തിൽ ചെന്നു എന്നെ ഭവതി പരിണയിക്കുമെന്നു കരുതിയല്ല. പിന്നെയോ ഭവതിയെ ഒന്നു സ്പർശിക്കാമെന്നു കരുതിമാത്രം. എന്നെ തല്ലിയാൽ അതും എനിക്കു ഒരു ആശ്വാസം തന്നെ."

അടുത്തു എല്ലാം നോക്കിയും കണ്ടും നിന്ന ഏ. പി. തമ്പി തൻെറ ത്രാസിൻെറ തട്ടുകൾ കൊണ്ടു മുഖം മറച്ചു അടികൊണ്ടു ബാരിസ്റ്റർ മലന്നു വീണപ്പോൾ തമ്പി മുമ്പോട്ടുകേറി തമ്പി പറഞ്ഞു "ഇതാ ഞാൻ അരുമന അമ്മവീട്ടിൽ നിന്നാണു്. വിശാഖംതിരുമേനിയുടെപുത്രിയുടെ


## ധരണിവിലാസം ക്ലാത്തുസ്റ്റോർ

**കച്ചേരിജംഗ്ഷൻ ★ നെടുമങ്ങാട്**

നവീനരീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കും, സിൽക്കുതരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും കസവുതരങ്ങളും മററുനാടൻ തുണികളും മിതമായ വിലക്കു ഇവിടെ കിട്ടുന്നതാണു്.

പ്രൊ: എം. ബാലൻ.

മകനാണു്. എനിക്കും പരിണയമല്ല ഉദ്ദേശം. ക്രിസ്തുവർഷം ആയിരത്തിത്തൊള്ളായിരത്തിഅമ്പത്തിഒന്നു ഡിസംബർ മാസത്തിൽ ഞാൻ തിരു-കൊച്ചി സംസ്ഥാനത്തിൽ ജീവിച്ചിരുന്നു എന്നുള്ളതിനു ഭവതിയെ ഒരു സാക്ഷിയാക്കണമെന്നെ മോഹമുള്ളു. എന്നെ ഭവതി പാണിഗ്രഹണം ചെയ്താലും എനിക്കു വളരെ ഒന്നും ഭവതിയെ തൃപ്തിയാക്കാൻ കഴിയുകയില്ല. ശേഷിച്ച ജീവിതം ഒരു പലവ്യഞ്ജന കച്ചവടം കൊണ്ടു കഴിച്ചുകൂട്ടണമെന്നാണു് മോഹം അതിലേക്കു ഒരു ത്രാസ് ഞാൻ വാങ്ങി. ഈ ജീവിതത്തിൽ ഞാൻ ഒരു തെററും ചെയ്തവനല്ല. ന്യായാന്യായങ്ങൾ തൂക്കി നോക്കുന്ന ഒരു ജീവിതരീതിയിലാണു ഞാൻ ഇന്നുവരെ കഴിഞ്ഞതു്.

അതിനപ്പുറം സദസ്യതിലകൻെറ ഓമനപുത്രൻ വി. പി. നായർ ഒരു മലത്തിപ്പിടിച്ച കൈപ്പത്തികാണിച്ചുകൊണ്ടു നിന്നു കരയുന്നു "എൻെറ അച്ഛൻ മരിച്ചുപോയി. അമ്മയും പോയി എനിക്കു അല്പസ്വല്പം സ്വത്തുണ്ടായിരിക്കുന്നതു മുഴുവൻ ഈ തെരഞ്ഞെടുപ്പു സ്വയംവരത്തിന്റെ പേരിൽ ഐക്യമുന്നണിക്കാർ പറഞ്ഞുവിശ്വസിപ്പിച്ചതനുസരിച്ചു ഞാൻ പണയപ്പെടുത്തി. ഇനി ശേഷിച്ചിട്ടുള്ളതു് ഈ ഉടുതുണിയും അതിനകത്തെ ഈ ആറടിനീളം വരുന്ന തടിയുമാണു്. നാലുകാശും ബാക്കിഇല്ല പൊന്നേ. കൈമലത്തിനില്ക്കുന്ന ഞാൻ അടുത്തതായി കടലിൽ ചാടി ആത്മഹത്യചെയ്യും—എന്നെ സ്വീകരിച്ചില്ലെങ്കിൽ" ദേവി ഒന്നു സഹതാപപൂർവം പുഞ്ചിരിക്കു. "സാധു പൈയ്യൻ നീണ്ടു മേൽമീശവച്ചാൽ നീ മിടുക്കനാകുമെന്നു കരുതി അല്ലേ" എന്നു മാത്രം അവർ ഉച്ചരിച്ചു.

അതിനടുത്തായി ഒരു ആലിൻെറ ചുവട്ടിൽ രാമചന്ദ്രൻനായർ കുനിഞ്ഞിരുന്നു് കണ്ണീർപൊഴിക്കയായിരുന്നു. അവിടെനല്ല തണലുള്ളതു നിമിത്തം വെറുതെ ഇരിക്കുകയാണെന്നു തോന്നും--പക്ഷെ അദ്ദേഹവും കല്യാണത്തിനു പോന്നിരിക്കയാണു്. കൂട്ടാളികൾ വഞ്ചിച്ചതിനാൽ തണലുനോക്കിഇരുന്നന്നേയുള്ളു. "ആലിനെക്കാൾ നല്ലതു് വല്ലഫലവൃക്ഷവുമായിരുന്നില്ലേ രാമചന്ദ്രാ" എന്നു ചോദിച്ചുകൊണ്ടു ദമയന്തി വീണ്ടും നടന്നു ആരുടെ കഴുത്തിലും മനസ്സിൽ അവർ വരണമാല്യം അർപ്പിച്ചില്ല. എല്ലാം സ്വയംവര ശുംഭന്മാർ തന്നെയായിരുന്നു. ഒടുവിൽ ആ കാളക്കാമുകനെ നോക്കിപറഞ്ഞു. "എനിക്കാരെയെങ്കിലും ഒന്നു വേണമല്ലോ. തന്നെ ഞാൻ വിശ്വസിക്കുന്നില്ല. എന്നാലും ഈ കൂട്ടത്തിൽ താൻ ഒരു ചുറുചുറുക്കുള്ളവനെന്നു തോന്നുന്നു. വല്ലതും ജോലി ചെയ്യാൻ പറഞ്ഞാൽ അതറിഞ്ഞു ചെയ്യുമെന്നു തോന്നുന്നു. ശരി ആറുമാസം ഒന്നു പരീക്ഷിക്കണമെന്നു വിചാരിക്കുന്നു. വരു. അങ്ങനെ ടി. കെ. സ്വയംവരിക്കുന്നു.

---


**സുരേഷ് ക്ലാത്തു സ്റേറാർ**

**നന്ദിയോട്,. പച്ച p. o.**

മേൽത്തരം കടകൾ, പുതിയതരം ബാംഗ്ളൂർ ബനാറീസ്, സിൽക്കു സാരികൾ, കോട്ടിംഗ്; ഷർട്ടിംഗ്, ജംബർ ക്ലാത്തു സകല ഇനം നാടൻ തുണിത്തരങ്ങൾ തുടങ്ങിയവ മിതമായ വിലക്കു ലഭിക്കുന്ന ഏകസ്ഥാപനം.

N. B. കല്യാണ ആവശ്യങ്ങൾക്കു ഉപയോഗപ്രദമായ എല്ലായിനം ജൗളികളും ഇവിടെ കിട്ടുന്നതാണു്.

പ്രൊ: എം. വാസുദേവപ്പണിക്കർ.

മാനേജർ.

# നിങ്ങൾക്കു അറിയണ്ടേ ?

വേലക്കാരൻ—ഭദ്രാപ്രൊഡക്ഷൻസുകാരുടെ വേലക്കാരൻ എന്ന മലയാള ചിത്രം ഉദയായിൽ പുരോഗമിച്ചു വരുന്നു. ഈ ചിത്രത്തിൽ തിക്കുറിശ്ശി, അഗസ്റ്റിൻജോസഫ്, ബി. എസ്സ് സരോജ, പി. കെ. സരസ്വതി, കായംകുളം സുമതി, മുതുകുളം തുടങ്ങിയവർ അഭിനയിക്കുന്നു. സംവിധാനം ബി. എൻ. റാവു.

ആത്മസഖി—കേരളത്തിലെ സുപ്രസിദ്ധ സിനിമാവ്യവസായിയും തിരുവനന്തപുരം കാർപ്പറേഷൻെറ Ex മേയറുമായ ശ്രീ.സുബ്രഹ്മണ്യത്തിൻെറ ഉടമസ്ഥതയിൽ പ്രവർത്തനം നടന്നുവരുന്ന മെരിലാൻഡ് സ്ററുഡിയോവിൽ ശ്രീ. സുബ്രഹ്മണ്യം തയ്യാർ ചെയ്യുന്ന "ആത്മസഖി" യിൽ ബി. എസ്സ് സരോജാ, പങ്കജവല്ലി, ഏ. എൻ. സത്യനേശൻ, വീരരാഘവൻനായർ മുതുകുളം രാഘവൻപിള്ള എന്നിവരഭിനയിക്കുന്നു.

പ്രേമലേഖ—എറണാകുളം അരവിന്ദാപ്രൊഡക്ഷൻസുകാർ ആലപ്പുഴ ഉദയായിൽ നിർമ്മിച്ചുവരുന്ന "പ്രേമലേഖ" എന്ന മലയാള ചിത്രത്തിൽ ഓമല്ലൂർ ചെല്ലമ്മയും, മാധവൻകുട്ടി മേനോനും പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നു. കഥയും, സംഭാഷണവും വാണകുററി. ഈ ചിത്രം ഡയറക്ററു ചെയ്യുന്നതു എം. കെ. രമണിയാണു്.

വിശപ്പിൻെറവിളി–ജീവിതനൗകയുടെ പ്രൊഡ്യൂസറായ K. & K. യുടെ മൂന്നാമത്തെ ചിത്രമാണു വിശപ്പിൻെറവിളി. ഇതൊരു സോഷ്യൽ ചിത്രമായിരിക്കും. ഈ ചിത്രം ജീവിതനൗകയെ വെല്ലുവിളിക്കുന്ന ഒരു പടമായിട്ടായിരിക്കും പുറത്തുവരുന്നതു്. ഇതിലെ നക്ഷത്രങ്ങൾ തിക്കുറുശ്ശി, പി. എസ്സ്. ഗോവിന്ദൻ, എം. എസ്സ്. ദ്രൗപതി, സി. ആർ. രാജകുമാരി, പങ്കജവല്ലി ബേബിഗിരിജ ചിറയിൻകീഴ് അബ്ദുൽഖാദർ എം.പി. തങ്കം, കാലക്കൽ കുമാരൻ, എസ്സ്.പി പിള്ള തുടങ്ങിയവർ. സംവിധാനം മോഹൻ റാവു.

ആത്മശാന്തി—മിസ് കുമാരി, വഞ്ചിയൂർ മാധവൻനായർ എന്നിവരഭിനയിക്കുന്നു. സ്ററുഡിയോ സിസ്റ്റാഡൽ. ഡയറക്ഷൻ ജോസഫ് തളിയത്തു്. ഈ പടം മാർച്ചുമാസത്തിൽ റിലീസുചെയ്യുന്നതാണു്.

ജെനോവാ—ചന്ദ്രാപിക്ച്ചേഴ്സുകാരുടെ ഈ ചിത്രം ന്യൂട്ടോണിൽ നിർമ്മിച്ചുവരുന്നു. ബി. എസ്സ്. സരോജ, എം. ജി. രാമചന്ദ്രൻ, ഓമന (സ്നേഹലത) കെ .പി. കേശവൻ. ആലപ്പുഴ വിൻസൻറു് മുതലായവർ നടിക്കുന്നു.


## അംബികാവിലാസം റെസ്റ്റാറൻറ്

മീനാംബികാ തിയേററിനു മുൻവശം, ആററിങ്ങൽ.

പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചിട്ടുള്ള ഏകസ്ഥാപനം. ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ, എപ്പോഴും തയ്യാർ

പ്രൊ. പി. ശങ്കരൻനായർ.

# സഞ്ചാരവീഥി

## (സഞ്ചാരി)

തിരുവനന്തപുരം:— കുന്നുകുഴിയിലുള്ള ഒരു അപ്പുക്കുട്ടൻപിള്ള ശിശുസംരക്ഷണത്തിന്റെ പേരിൽ വിതരണം നടത്തുന്ന പാൽ സ്വന്തം വീട്ടിലെ ആവശ്യങ്ങൾക്കും ബാക്കി സ്വന്തം ചിലവിനായി വിതരണം നടത്തുന്നതായും ആളുകൾ പറയുന്നതിനെകുറിച്ചു അന്വേഷിച്ച് അടുത്തതിൽ. ജന: ആശുപത്രിയിലെ ദന്ത ഡാക്ടർ പല്ലുളക്കാൻ ചെല്ലുന്നവരോടു ഒരു രൂപാ വേണമെന്നു പറയുന്നതു ഏതു ആവശ്യത്തിനാണോ ? ആനത്തറ പി. എസ്. ഹെഡ് മാസ്റ്റർ സഹപ്രവർത്തകരോടു അനാവശ്യമായി സംസ്സാരിക്കുന്നതും, അദ്ധ്യാപികമാരെ പലതരത്തിൽ ഭീഷണിപ്പെടുത്തുന്നതും മററും വരുന്നു. നവീനരീതിയിലുള്ള സ്വർണ്ണം വെള്ളി ആഭരണങ്ങൾക്കു ററി. എസ്. എസ്. and Co. യെ സമീപിക്കുക. പ്രസ്സ്റോഡിലെ ഒരു നാടകീയം വരുന്നു. ചാലയിലെ ചില പുകയില കച്ചവടക്കാരുടെ ബ്ളാക്കുമാർക്കററ് നടത്തുന്ന രീതിയും പൊതുജനങ്ങളോടുള്ള പെരുമാററവും ലിസ്ററു സഹിതം വരുന്നു.

മദ്രാസ്:— യുവത്വം നശിച്ചെങ്കിലും നശിച്ചില്ലെന്നു ഭാവനയിൽക്കൂടി സ്വപ്നം കാണുന്ന ഒരു മലയാള സിനിമാ നടിയുടെ കാമചേഷ്ടകളിൽ കുരുങ്ങിയിരിക്കുന്ന ഒരു ചെട്ടിയാക്കു പററാൻപോകുന്ന അമിളി രസമുള്ളതാണു്.

ബാംബേ;— മറിയാമ്മസാറിന്റെ അറിയാമ്മയും പാഴ്സികാളിനികളിൽ വളയം വയ്ക്കുന്നതും ഒന്നരപവന്റെ മാലയും ഇലുമാലുകളും അടുത്തതിൽ.

കൊല്ലം:— മി: ശിവരാമനാചാരിയുടെ സ്വർണ്ണക്കടയുടെ മുന്നിൽ ഒരുതരം കുത്തി ഇരിപ്പു സത്യാഗ്രഹം നടത്തുന്ന "ചുമ്മാതൊഴിലാളി" സഖാവേ തൊഴിലാളി സംഘടനയുടെമേൽ ചെളിവാരിതേക്കുകയല്ലേ ചെയ്യുന്നതു് അന്നപൂർണ്ണാലയം മേൽക്കുമേൽ അഭിവൃദ്ധിയിൽ. ഒരു ഫർണിച്ചർ മാർട്ടും ഇരവിപുരം കുളന്തായും 50 രൂപായും ഏടാക്രൂടങ്ങളും അന്വേഷിക്കട്ടേ. മോഡേൺ കഫേ യാത്രക്കാരുടെ ഒരു സുഖവാസസ്ഥലമാണു്. കടപ്പാക്കട ഒരു റേഷൻ മുതലാളി കുഴപ്പത്തിലാകുമേ. മെയിൻ റോഡിൽ പത്മനാഭനാചാരിയുടെ സ്വർണ്ണക്കടയിൽ കുന്നുകുന്നായി വന്നുമറിയുന്ന സ്വർണ്ണ ഉരുപ്പടികൾ ഒരുദിവസംകൊണ്ടു വിററഴിയുന്നതു് സത്യസന്ധതയുടെ പേരിലാണു്. ശ്രീ. കല്ലട കുട്ടൻപിള്ളയുടെ പത്രാധിപത്തിൽ ചൂടോടും വീറോടും കണിശത്തോടും കൂടി ഇറങ്ങുന്ന


## റീഗൽ കഫേ

ഫോൺ 2278 * പാളയം * തിരുവനന്തപുരം.

താമസത്തിനുവേണ്ട സകല സജ്ജീകരണങ്ങളും, യൂറോപ്യൻ രീതിയിലും ഇൻഡ്യൻ രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

പ്രൊ: പി. വേലായുധൻ

"വിജയനു'" വികടകേസരിയുടെ ഭാവുകങ്ങൾ. കമ്മകുശലനും നീതിമാനുമായ ശ്രീ. എം. പി. കൃഷ്ണൻ വൈദ്യരവർകളുടെ സേവനത്തിൽ നാട്ടുകാർ ഒന്നടങ്കം ശ്ലാഘിക്കുന്നതിൽ തെററില്ല. രോഗങ്ങളുടെ യമധമ്മനും സ്നേഹത്തിൻെറ നിറകുടവുമാണു് അദ്ദേഹം. ഹിമാലയൻ ക്രം ഡ്രിംഗ്ഫാക്ടറി മെയിൻറോഡിലെ ഒരു മഹൽ സ്ഥാപനമാണു്. ആനന്ദവല്ലീശ്വരത്തു് ഒരു സരസ്വതിപൂജ നടത്തുന്ന വിദ്വാൻകുട്ടി സംഗതിതകരാറാണേ! വലിയകടയിൽ മി. ഗോപിനാഥപിള്ളയുടെ സ്റ്റേ: കടകന്നിനൊന്നു മെച്ചം. വികടകേസരി കുടിശികക്കാർ പത്രാധിപരെ കാണുമ്പോൾ ഒളിച്ചുകളിക്കുന്നതു മോശമല്ലേ സാറന്മാരേ! ഇവിടെ പോസ്റ്റൽ കുഴപ്പമുണ്ടു്. മാസിക വിലാസക്കാർക്കുകൊടുത്തില്ലെങ്കിൽ തകരാറാണേ!

ഓച്ചിറ:— സബ്ബ് രജിസ്ട്രാരെ ഒന്നു ഇളക്കി പ്രതിഷ്ഠിച്ചാൽ കൊള്ളാമെന്നു പരദേവതോട്ട പലരും പരാതിപറയുന്നു. വിശദവിവരങ്ങൾ അടുത്തതിൽ. ശ്രീ. കൃഷ്ണൻനായരുടെ ഉടമസ്ഥതയിൽ ശാസ്ത്രീയമായ മേൽനോട്ടത്തിൽ നടന്നുവരുന്ന മമ്മാണി & ആയുർ വേദ വൈദ്യശാലക്കുനല്ലഭാവിയുണ്ടു്. നവീനരീതിയിലുള്ള സ്വർണ്ണ ഉരുപ്പടികൾക്കു് ജനാബു പി. എം. ഉമ്മർലബ്ബയേ സമീപിക്കുക. കുടിശികക്കാർ വികടകേസരിയേ മറന്നു കളയരുതേ!

കായംകുളം:— ഒരുസ്റ്റോർ രഹസ്യം വഴിയേ. ഭഗവതിവിലാസം നായർ ഹോട്ടൽ & ററിഷാപ്പ് ഭാഗിയായിനടന്നുവരുന്നു.

മാവേലിക്കര— നീലകണ്ഠതീത്ഥരുടെ സന്യാസവും മററും വിശദമായി അടുത്തതിൽ.

ഹരിപ്പാട്— താലൂക്ക് കച്ചേരിയിൽ ഹെഡ് അക്കൗണ്ടൻറു് തക്കാപ്പിച്ച നയം തുടരുന്നപോൽ.

പുതിയവിള— ജനതാവായനശാല പുരോഗതിയിൽതന്നെ നടന്നു വരുന്നതിൽ സന്തോഷം.

പത്തനംതിട്ട— ജനാബു പി. മാപ്പിള മീരാൻ രാവുത്തരുടെ റേഷൻ വിതരണം കൃത്യനിഷ്ഠയിലും സത്യസന്ധതയിലും തന്നെ. മാക്കാൻ കന്നുകുരിശുംമൂട്ട ഇവിടങ്ങളിൽ ഒരു അറകുലയുടെ ഉപദ്രവം ഉണ്ടുപോൽ. നവീന സജ്ജീകരണങ്ങളോടുകൂടി പ്രവത്തനം നടത്തിവരുന്ന വേണുഗോപാൽ തിയേററിൽ പുതിയപടങ്ങൾ പ്രദർശിപ്പിച്ചുവരുന്നു. മൃഗഡാക്ടരുടെ ഉണ്ടാപ്രയോഗം വഴിയേ.

ജി. പി. തഹശീൽദാർ ശ്രീ. കെ. ഭാസ്കരൻ നായരും പർച്ചെയ്സിംഗ് ആഫീസർ ശ്രീ. വി. എസ്. നാരായണപിള്ളയുംറേഷനിംഗ് ആഫീസിലെ കെടാ വിളക്കുകളാണു്.


## ചന്ദ്രികാ സ്റ്റോർ

കച്ചേരിക്കു സമീപം ... ആററിങ്ങൽ.

ചില്ലറ വ്യാപാരികളുടെ സുവർണ്ണാവസരം. സ്റ്റേഷനറി, പുകയില, ബീഡിയില ബീടി, സിഗററുകൾ, ഒന്നാംതരം മദ്രാസ്പൊടി, വാസന ദ്രവ്യങ്ങൾ, പലയിനം സോപ്പുകൾ ഇവ മിതമായ വിലക്കു ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുക.

N. B. കൂടാതെ ഞങ്ങളുടെ ചന്ദ്രികാ കൺഫക്ഷനറി ഒരിക്കൽ ഉപയോഗിച്ചുനോക്കുവിൻ.

പ്രൊ. കെ. രാഘവൻ.

വള്ളികോട്ടു:— വികടകേസരിയുടെ കുടിശിഖക്കാർ മൗനം ദീക്ഷിക്കുന്നതു ഒരുതരം വേലത്തറക്കലല്ലേ എന്നുകൂടി സംശയമുണ്ടു്. ഇതിൽ ചിലവൻപുള്ളികളും ഉണ്ടേ ? കലാവ്യഭിചാരത്തിന്റെ കേടാവിളക്കായ കെടാമംഗലം സദാനന്ദന്റെ കഥാപ്രസംഗം പി. കെ. ശവദേവിന്റെ ‘തൊലിക്കുട്ടിയേക്കാളും ഭയംകരംതന്നെ. നാട്ടുകാരോടുവല്ല വെല്ലുവിളിയും ഉണ്ടെങ്കിൽ അതുപറഞ്ഞാൽ പോരേ ? കഥാപ്രസംഗം എന്നപേരിൽ നടത്തുന്ന ഈ പേക്കൂത്തുകാണുവാനുള്ള സഹനശക്തി ഞങ്ങൾക്കില്ലേ—ഇല്ല.

ആലപ്പുഴ:— ബോട്ടുജട്ടിയിലെ ഒരു ലാഡ്ജിൽ ഒരു ഏഴാമടന്ത നിത്യവും കുടി ഇരിക്കുന്നതു് ഹോട്ടലുകാരനും അപകടകരമാണേ ? എ. എസ്. എസ്. മാക്കു നാടൻ നല്ലെണ്ണക്കു പ്രചുര പ്രചാരം സിദ്ധിക്കുന്നതു കലർപ്പില്ലാത്ത എണ്ണകൊണ്ടാണെന്നു ഏകാഭിപ്രായം. സെയിൽടാക്സ് അസി; ആഫീസർ സാധുക്കളായ കച്ചവടക്കാരുടെ പള്ളക്കു അടിക്കുന്നതു മോശമാണേ ?

എറണാകുളം:— പുല്ലേപ്പടിയിലെ ഒരു റാവുത്തരും വേലകളും അടുത്തതിൽ. ആശുപത്രിമുക്കിൽ കുമ്പസാരിക്കുന്ന ഒരു കുമ്പസാരനെ കുറിച്ചു വഴിയേ പറയാം.

ആലുവ:— വികടകേസരിയുടെ ചക്കാത്തുവായനക്കാരുടെ പേരുവിവരം വരുന്നു. ഓം കൃഷ്ണാനായർ ഹോട്ടൽ ഭംഗിയായി നടക്കുന്നു.

മുഖത്തല:— അമ്പലത്തിലെ ചില രഹസ്യങ്ങൾ അടുത്തതിൽ. കുടിശിഖക്കാർ വികടകേസരിയെ കളിപ്പിക്കല്ലേ.

കണ്ണനല്ലൂർ:— എസ്. എം. വി. ആയുർവേദ വൈദ്യശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ. ചന്തയിലെ ഒരു ഡിമാല ഉണ്ടൻ രഹസ്യം അടുത്തതിൽ. കുടിശിഖക്കാർ ഗൗനിക്കണേ.

ചാത്തന്നൂർ:— പൊതുജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചു ചന്തക്കു സമീപം സ്ഥാപിച്ചു നടത്തിവരുന്ന കള്ളുഷാപ്പ് മെയിൻ റോഡിൽ പോസ്റ്റാഫീസിനു എതിർവശംമാറി സ്ഥാപിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ഒരു റേഷൻകടക്കാരന്റെ ഉരുട്ടുവിദ്യ അടുത്തതിൽ. സെൻട്രൽ സോഡാഫാക്ടറിയിലെ ശീതളപാനീയത്തിനു ഒരു പ്രത്യേകതയുണ്ടു്.

കൊട്ടിയം:— ഒരു മുതലാളിയുടെ എം. പി പിള്ള നയം അടുത്തതിൽ.

പരവൂർ:— കമ്പോളത്തിലെ ഒരു ഡും-ഡും വേലവരുന്നു. മി. ഗോപാലപിള്ളയുടെ ഉടമസ്ഥതയിൽ നടത്തിവരുന്ന ചിട്ടിഫണ്ടു് ഭംഗിയായി നടന്നുവരുന്നു.

കരുനാഗപ്പള്ളി;— കല്ലേലിഭാഗത്തു ഒരു മാണം കുലുക്കി പക്ഷിയുടെ ശല്യം വർദ്ധിക്കുന്നപോൽ. മി. കരിപ്പുഴ വേലുപ്പിള്ളയുടെ ഹോട്ടൽ ഠൗണിനു ഒരലങ്കാരംതന്നെ. ചന്തയിലെ ഒരുമാമാരഹസ്യം ഭംഗിയായിനടന്നുവരുന്നു. മി. ഈ. മഹമ്മദുകുഞ്ഞിന്റെ തേയിലക്കു പ്രചുരപ്രചാരം സിദ്ധിച്ചു വരുന്നു.

കുററിപ്പുറം:— അന്തിചന്തയിൽ ഒരു യക്ഷിയുടെ ഉപദ്രവം നേരിടുന്നുപോൽ. കുടിശിഖക്കാർ മൗനം ദീക്ഷിക്കുന്നു.


# കൈലാസ് തേയില ഡിപ്പോ

പേട്ട — — തിരുവനന്തപുരം.

ഊററ്, മണം രുചി, ഇവക്ക് കൈലാസ്തേയില ഉപയോഗിച്ചു് സംതൃപ്തിയടയുവിൻ

പ്രൊ: വി. മാധവൻപിള്ള.

കളമശ്ശേരി:— മഹല്ലുകമ്മററിയും കൂട്ടരും ചേർന്ന സാധുക്കളായ വ്യക്തികളുടെ കയ്യിൽ നിന്നും പിഴവാങ്ങിപ്പും ദേഹോപദ്രവും നിറുത്തിയില്ലെങ്കിൽ കുഴപ്പമാണേ!

മണമ്പാക്ക്— മുക്കിൽ റോഡിൻെറ നടുവിലായി സ്ഥിതിചെയ്യുന്ന കിണററ് കൈവരിയില്ലാതേയും മററും ആപൽക്കരമായി സ്ഥിതി ചെയ്യുന്നു. അധികൃതശ്രദ്ധ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു. എട്ടുകളിയും, വെട്ടിമലത്തും, വെട്ടും, കുത്തും ചെറുപ്പക്കാർക്കുപററിയതല്ലേ.

അഞ്ചുതെങ്ങ്— എം. ഏ. ചെട്ടിയാരുടെ കടയിൽ അളവും തൂക്കവും മെച്ചം.

ആറ്റിങ്ങൽ—അംബികാടാക്കീസ് വിജയകരമായിനടക്കുന്നതിൽ സന്തോഷം. സർവസമ്മതനായ അംബികാടാക്കീസിൻെറ ഉടമസ്ഥനും വിശാലമനസ്കനുമായ ശ്രീ. ശങ്കരൻനായരുടെ പെരുമാററമാണു ഇതിനു കാരണം. സബ്ബ്‌രജിസ്റ്റാർ മി. കേശവൻ സുസമ്മതനാണു്.

വക്കല—ഗവ. ആശുപത്രി ഡാക്ടർ കാസീം അവർകൾ ചികിത്സാപാടവം കൊണ്ടും സ്വഭാവശുദ്ധികൊണ്ടും ജനങ്ങളുടെ കണ്ണിലുണ്ണിയായി തീർന്നിരിക്കുന്നു. വികടകേസരിയുടെ അകമഴിഞ്ഞ ആശംസ. രവീന്ദ്രാ ബുക്ക്സ്റ്റാൾ സന്ദർശിക്കുക.

പാരിപ്പള്ളി— കേരളാഹോട്ടൽ and ററീഷാപ്പ് ശുചിക്കും രുചിക്കും മെച്ചം.

ആററിങ്ങൽ— കിഴക്കേ നാലുമുക്കിൽ ഒരു റേഷൻതുണി വ്യാപാരിയുടെ വേലത്തരം അടുത്തതിൽ. വസ്ത്രശുദ്ധിക്കു അത്യുത്തമമായ സ്ററഡിസോപ്പുവാങ്ങി ഉപയോഗിക്കുക. ഒന്നാംതരം ബന്നുകൾ, ബിസ്ക്കററുകൾ, മുതലായവ ആവശ്യമുള്ളവർ കേരളാ ബേക്കറി സന്ദർശിക്കുക.

കല്ലറ— മദ്യനിരോധന മേഖലയാണെങ്കിലും കല്ലറ അതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നതായി മനസ്സിലായി.

വാമനപുരം— ചക്കാത്തുവായനക്കാർ ധാരാളമുണ്ടെങ്കിലും കടിശ്ശിഖക്കാരും അതുപോലെ തന്നെ. വിലാസക്കാർക്കു മാസിക കണിശമായി കൊടുക്കണമെന്നു പോസ്ററുമാസ്റ്റർ താക്കീതു ചെയ്താൽ കൊള്ളാം.

നിലമേൽ— ചന്തയിൽ ചൂതുകളി ഭംഗിയായി നടക്കുന്നു. ശ്രീ.എം. രാഘവൻ വൈദ്യൻെറ ചികിത്സാപാടവത്തിൽ പലരും പ്രശംസിക്കുന്നു

അഞ്ചൽ— ഒരു റേഷൻ വ്യാപാരിയും കുഴപ്പങ്ങളും അടുത്തതിൽ. ജയമോഹൻ ടാക്കീസ് ഒരു മഹൽ സ്ഥാപനമാണു്.

പുനലൂർ— റേഷനിംഗ് ആഫീസും കഥകളും അടുത്തതിൽ. ലളിത, പത്മിനി ഡാൻസും 2500 രൂപാ പൊട്ടിയതും പോററി അണ്ടികളഞ്ഞ അണ്ണാനെപോലെ വായും പൊളന്നു നിന്ന കാഴ്ച പരമ ദയനീയംതന്നെന്നു് തെന്മലവച്ചു മനസ്സിലായി.

വെഞ്ഞാറമൂട്— കടിശ്ശിഖക്കാർ അമാന്തം കാണിക്കല്ലേ. പോസ്റ്റൽ കുഴപ്പം ഇല്ലാതെ ഇല്ല.

പിരപ്പൻകോട്— ദേവസ്വം ഭരണം തൃപ്തികരം.


അതുരാരോഗ്യ സംവർദ്ധിനി ആയുർവേദ വൈദ്യശാല

ഫാക്ടറിവാർഡ് ... ആലപ്പുഴ.

ജ്യോതി ശ്രീ. കെ. ജി. ആണ്ടിവൈദ്യരുടെ സിദ്ധൌഷധങ്ങളിൽ അജമാംസ രസായനം നഷ്ടപ്പെട്ടുപോയധാതുക്കളെ വീണ്ടെടുക്കുവാനും ദേഹാരോഗ്യത്തിനും അത്യുത്തമം.

റാത്തൽ ഒന്നുക്കു വില 10 രൂ 12 ണ.

കന്യാകുളങ്ങര— ചന്ത ദിവസം നന്നാട്ടു കാവിൽനിന്നും ഒരു വെള്ളപ്പാററ പലരെയും മുതലെടുക്കുന്നതായി വട്ടപ്പാറമുക്കിൽവച്ചു മനസ്സിലായി.

നെടുമങ്ങാട്ട്— പരദൂഷണം നടത്തി ജീവിതം നടത്തുന്ന ഒരു സെററ സിമ്പിളന്മാർ മാനമായി ശരീരം വിയത്തു അദ്ധ്വാനിച്ചു കാലം കഴിക്കുന്നവരുടെമേൽ ചെളിവാരി എറിയുവാൻ ശ്രമിക്കുന്നതും മററും ഒരു ഗുണ്ടാപ്രയോഗമാണെന്നു ചന്തമുക്കിലൊരുസംസാരം. എസ്. പി. യുടെ പേരിൽ പല കള്ളക്കേസുകൾ ചമക്കാൻ ഓടിനടക്കുന്ന വിത്തുകാള രഹസ്യം വഴിയേ. ഒരു വൈദ്യന്റെ മൂലാരിഷ്ടം സേവിച്ചാൽ 2 ഡ്രാം പട്ടയടിച്ചഗുണമുണ്ടെന്നുപറയുന്നവൈദ്യനെകുറിച്ചു അടുത്തതിൽ. അംബികവിലാസം റെസ്റ്റാറൻറ് പുരോഗതിയിൽ.

നന്ദിയോട്ട— സിനിമാകഴിഞ്ഞു പോകുന്ന സ്ത്രീകളെ പിന്തുടരുന്നതും ചൂളം 'അടി' നടത്തുകയും ചെയ്യുന്ന ഒരു കുട്ടി ഗന്ധർവന്റെ ശരീരത്തിന്ന കേടുസംഭവിക്കും പോൽ. സ്വർണ്ണാഭരണങ്ങൾക്ക മി. പരശുരാമനാശാരിയേ സമീപിക്കുക. ബേബി സോഡാഫാക്റ്ററി വേനൽക്കാലത്തേക്കു ഒന്നാംതരമെന്നു അനുഭവസ്ഥർ പറയുന്നു!

ഭരതന്നൂർ— ചക്കാത്തുവായനക്കാരും കുടിശിഖക്കാരും പെരുകുന്നു.

പാങ്ങോട്ട— ചന്തയിൽ രഹസ്യമായി ഒരു വേലനടക്കുന്നതായി മാധവൻ കുട്ടിപറഞ്ഞു മനസ്സിലായി.

കടയ്ക്കൽ— സരസ്വതിവിലാസംനായർഹോട്ടൽ പുരോഗതിയിൽ. ആൽത്തറമൂട്ട വാർദ്ധക ളിൽ മാസിക വിലാസക്കാർക്ക ശരിയായികൊടുക്കുന്നില്ലെന്നു പരാതി. പോലീസ് ഇൻസ്പെക്ടർ മി. നാണപ്പണിക്കരുടെസേവനംകൃത്യനിഷ്ഠയിൽ

അമ്പലപ്പുഴ— പടിഞ്ഞാറെ നടയിൽ ഒരു കച്ചവടക്കാരൻ പുറകാട്ടു ദിവസവും രാത്രികാലങ്ങളിൽ സവാരിചെയ്യുന്ന രഹസ്യം അടുത്തതിൽ.

കണിയാപുരം— പുത്തൻ തോപ്പിലുള്ള ക്രിസ്തീയ ഹിന്തുബന്ധം വരുന്നു. ആശുപത്രിയിലെ ഡാക്ടർ പട്ടിണിക്കാരിൽ നിന്നും നക്കാപ്പിച്ചവേണമെന്നു ശഠിക്കുന്നതു വളരെ മോശം.

കലവൂർ— മണ്ണഞ്ചേരി പാർവ്വത്യക്കാരുടെ വിശദവിവരം പുറകേ.

മുരുക്കുംപുഴ— ഡാക്ടർ രാഘവനെപ്പററി ഒന്നും പറയാനില്ല. ധർ and Co. യിൽ സകലയിനം സ്റ്റേഷനറികൾക്കും മിതമായ വിലയ്ക്കു വിററുവരുന്നു.

ചേർത്തല— ഒരു ശേണായിയുടെ കത്തിയതോട്ട രഹസ്യം അടുത്തതിൽ.

ചേരുർക്കട—നാഷണൽ ഹോട്ടലും ചന്ദ്രികയും ഒന്നിനൊന്നുമെച്ചം. ഒരുറേഷൻ കരിംചന്തക്കാരനെകുറിച്ചു വിശദമായി അടുത്തതിൽ.

ഓമല്ലൂർ—കുടിശ്ശിഖക്കാരെ ഏജൻറു സമീപിക്കുമ്പോൾ അവധികൾ പറഞ്ഞു ഒഴിയാതെ വരിസംഖ്യ തീർത്തുകൊടുത്തു ഞങ്ങളുടെ ഏജൻറിനെ സഹായിക്കണമെന്നു അപേക്ഷ.

കരീലകുളങ്ങര—മുതുകുളത്തുകാരൻ സാറിന്നു കരീലകുളങ്ങര കറങ്ങുന്നരഹസ്യം അടുത്തതിൽ.


## സ്പെഷ്യൽ അജമാംസ രസായനം

നഷ്ടപ്പെട്ട ധാതുക്കളെ വീണ്ടെടുത്തു യുവത്വം നില നിർത്തുന്നതിന്ന അത്യുത്തമം. റാത്തൽ ഒന്നുക്കു് വില രൂപാ 6 മാത്രം. വി.പി. യായി ആവശ്യപ്പെടുന്നവർ മൂന്നിലൊന്നുവില അഡ്വാൻസായിഅയക്കേണ്ടതാണു്.

പി. എസ്. വൈദ്യശാല, മുല്ലക്കൽ, ആലപ്പുഴ.

# ഇംഗ്ലീഷ് പഠിക്കാത്തവർ

അക്ഷരം മുതൽ ആരംഭിച്ചു ഒരേ ഒരു വർഷത്തിനകം നാലാംഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം നൽകാം. അതുകഴിഞ്ഞു രണ്ടുവർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീടുള്ള രണ്ടുവർഷത്തിനകം ഇന്റർമീഡിയററു പരീക്ഷയും ജയിക്കാം. ജയിച്ചാൽ ബി ഏ. ക്ലാസ്സിൽ പ്രവേശനം ലഭിക്കും. സ്ത്രീകൾക്കു ബി. ഏ. പരീക്ഷക്കും പ്രൈവറ്റായിചേരാം.

★

## ദുഃഖിക്കരുത്

★

ഇപ്രകാരം ഇംഗ്ലീഷ് അക്ഷരംപോലും വശമില്ലാത്ത ഒരാൾക്കു സ്വന്തഭവനത്തിൽ താമസിച്ചു ഒരു സ്കൂളിലും കാളേജിലും പോകാതെ ബി. ഏ. ജയിക്കാം.

അന്യാശ്രയമാവേണ്ട. അപേക്ഷകർ ഏതുക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ചു 4. ണ. സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

മാനേജർ,

★ **കേംബ്രിഡ്ജ് V. K. കാളേജ്** ★

കൈതമുക്ക്, തിരുവനന്തപുരം.

Reg: No. M. 5922 **VIKATAKESARY** Dated 29-9-1949.

**1952 മാർച്ച് 14-ാനു- തെക്കെ ഇൻഡ്യയിലെ പ്രമുഖ**

**കേന്ദ്രങ്ങളോടൊപ്പം കേരളത്തിലെ പ്രധാനകേന്ദ്രങ്ങളിലും**



★

പ്രദർശനം

ആരംഭിക്കുന്നു.

★



R. K. ഫിലിംസ്

# ആന്തമാൻകൈതി

(തമിഴ്)

താരങ്ങൾ :—

തിക്കുറിശ്ശി, എം. ജി. രാമചന്ദ്രൻ, ബാലയ്യാ, സാരംഗപാണി, പി. കെ. സരസ്വതി, എം. എസ്സ്. ദ്രൗപതി, എസ്സ്. ഡി. സുബ്ബലക്ഷ്മി, ലളിത. പത്മിനി, രാഗിണി Etc

സ്റ്റുഡിയോ — ഡയറക്ഷൻ

വാഹിനി * * * വി. കൃഷ്ണൻ

**ഉടൻ പ്രതീക്ഷിപ്പിൻ!**

കുമാരി, റാണി, എൻതങ്കൈ, ജനോവ ([illegible])

**Radhakrishna Films Limited, Release.**

Edited Printed and Published by Ulloor Krishnan Nair, P. K. Memorial Press, Trivandrum.